Registered No. M-4485

Madras War Review { MALAYALAM 14-1-1944 }

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1944 ജനുവരി 14-ാംനു, വെള്ളിയാഴ്ച [ലക്കം 19.



എൽ. എസ്. അമരി

## ഇന്ത്യ പ്രധാന സൈന്യത്താവളവും ആയുധശാലയുമാകുന്നു

★

മൂന്നു കൊല്ലം മുമ്പു സിഡ്ഡിബറാണിയിൽ വെച്ചു്, ആസ്ത്രേലിയൻ സൈന്യങ്ങളുടെ സഹകരണത്തോടുകൂടി, ഇററാലിയൻ ടഞ്ചുകൾ തമർത്തിയതു മുതൽ, ട്യൂണിസിൽ വെച്ചു് വോൺ ആർണീമിനേയും സൈന്യങ്ങളെയും തടവുകാരാക്കി പിടിക്കുന്നതു വരെയും; അതിന്നുശേഷം കഴിഞ്ഞാഴ്ചയിൽ ഇററലിയിൽ അഡ്രിയാട്ടിക്കു തീരത്തു് വെച്ചു നടത്തിയ ഭയങ്കര യുദ്ധത്തിലും, എന്നുവേണ്ട വടക്കൻ ആഫ്രിക്കയിൽനിന്നും മദ്ധ്യധരണിയിൽനിന്നും ശത്രുക്കളെ കളംമായിച്ചു നശിപ്പിക്കുവാനും ഇററലിയെ മുട്ടുകുത്തിക്കുവാനും ഉണ്ടായ മഹാ പരിശ്രമങ്ങളിലെല്ലാം ഇന്ത്യൻ സൈന്യങ്ങൾ മുന്നണിയിൽ തന്നെയായിരുന്നു.

കാഴ്ചയിൽ ഇത്ര ഗൌരവമല്ലെങ്കിലും, ഇതിലും ഒട്ടും അപ്രധാനമല്ലാത്ത മറെറാരു കർമ്മം ഇന്ത്യൻ സൈന്യം നിറവേററിയതു് സിരിയ, ഇറാക്കു്, പേർസ്യ എന്നീ പ്രദേശങ്ങളെ ശത്രുപക്ഷത്തിൽ പെടാതെ കഴിച്ചുകൂട്ടിയ സംഗതിയാണു്. ഇതിനാൽ നമ്മുടെ ആഫ്രിക്കൻ രംഗത്തിന്നും റഷ്യൻ രംഗത്തിന്നും രക്ഷ കിട്ടിയെന്നുമാത്രമല്ല, ഈ പ്രദേശങ്ങൾ വഴിയായി റഷ്യക്കു സാമാനങ്ങൾ എത്തിക്കേണ്ടതിന്നുള്ള ഒരു ഒന്നാന്തരം റോഡും ഉണ്ടാക്കാൻ സാധിച്ചു. ഇന്ത്യയിൽനിന്നുണ്ടായ ആൾസഹായം എത്രയും വലുതായതാണു്; എന്നാൽ അതിലും മഹത്തായ സഹായമാണു് മിഡിൽ ഈസ്റ്റ് പ്രദേശത്തുള്ള സൈന്യങ്ങൾക്കു വേണ്ട യുദ്ധകോപ്പുകളും, മററു സാമാനങ്ങളും ഇടവിടാതെ നൽകിയിരുന്നതു്.

ഇങ്ങിനെയുള്ള സഹായങ്ങൾ കൊണ്ടു് ഇന്ത്യ ലോകോപകാരാർത്ഥം വളരെ ഗുണങ്ങൾ ചെയ്യുവെന്നുമാത്രമല്ല, സ്വന്തം ജന്മഭൂമിയെ നാസികളുടെ ആക്രമണത്തിൽനിന്നു് രക്ഷിക്കുകയും ചെയ്യും. ഇനി ജാപ്പാനെ പരാജയപ്പെടുത്തുന്നതും ഇന്ത്യക്കു അത്യാവശ്യമായ സംഗതിയാണു്.

യുദ്ധത്തിന്റെ ഈ രണ്ടാം പദ്ധതിയിൽ ഇന്ത്യ ഒരു പ്രധാന സൈന്യത്താവളവും ആയുധശാലയുമാകുന്നു.

—എൽ. എസ്സ്. അമരി, ഇന്ത്യാ സ്റ്റെയിററ് സിക്രട്ടറി

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഇന്ത്യ പ്രധാന സൈന്യത്താവളവും ആയുധശാലയുമാകുന്നു | 1 | ഈശ്വരാഭീഷ്ടം എന്നും വിജയിക്കും | 7, 11 |
| വർത്തമാനച്ചുരുക്കം | 2 | അൽലാഹുവിൻെറ വിധി | 8 |
| പ്രതിവാര ചിന്തകൾ | 3, 4 | രാജ്യരക്ഷ | 9, 10 |
| പ്രത്യേക ലേഖനങ്ങൾ : റഷ്യ, രണ്ടാം യുദ്ധരംഗം, തിരുവാതിര, പയററ് | 5, 6 | 5,000 ക. ഇനാം | 12 |


# വർത്തമാനച്ചുരുക്കം

ശാന്തസമുദ്രത്തിൽ ടിമൂർ എന്നൊരു ദ്വീപ് പോർച്ചുഗീസ് കോയ്മയുടെ കയ്യുവശമുള്ളതാണ്. പക്ഷെ യുദ്ധം തുടങ്ങിയതിന്നു ശേഷം ജാപ്പാൻ അവിടെ കയ്യേറി ഈ ദ്വീപിനെ കൈവശം വെച്ചിരിക്കുന്നു. ഇതിന്നു് ജാപ്പാനെക്കൊണ്ടു് തക്കതായ സമാധാനം പറയിക്കാത്തപക്ഷം അതു് പോർച്ചുഗീസ് കോയ്മക്കു വളരെ അപമാനമായിട്ടുള്ളതാണെന്നാണ് പ്രസ്തുത രാജ്യത്തു് പൊതുവെയുള്ള അഭിപ്രായം.

* * *

ഇന്ത്യയിലെ തൊണ്ണൂറു ശാസ്ത്രീയ വിദഗ്ദ്ധന്മാരൊപ്പിട്ടുകൊണ്ടുള്ള ഒരഭിപ്രായം ഇന്ത്യാ ഗവർമ്മേണ്ടിന്നു രേഖാമൂലം അയച്ചിരിക്കുന്നു. ഇന്ത്യയിൽ നാഷനൽ റിസർച്ച് കൌൺസിൽ എന്നൊരു സ്ഥാപനം ഒട്ടുംതാമസിയാതെ ഉണ്ടാക്കേണമെന്നാണ് ഇതിൻെറ ആവിശ്യം. ഇന്ത്യയുടെ ആവിശ്യങ്ങൾക്കനുസരിച്ചുള്ള ഗവേഷണവും, വ്യവസായികമായ വിദ്യാഭ്യാസവും വളത്തുവാനുള്ള പ്ലാൻ കണ്ടുപിടിക്കയാണ് ഈ സ്ഥാപനത്തിൻെറ പ്രവൃത്തി.

* * *

അമേരിക്കയിൽ പ്രസിഡെണ്ട് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഇക്കൊല്ലവും നടക്കുവാൻ പോകുന്നു. പ്രസിഡെണ്ട് റൂസ് വെൽട്ട് ഇനിയും സ്ഥാനാത്ഥിയാകുമൊ? റിപ്പബ്ലിക്കൻ കക്ഷിക്കാർ മി. തോമസ് ഡ്യൂയിനെയൊ, മി. വിൽക്കിയെയൊ ഈ സ്ഥാനത്തേക്കു സ്ഥാനാത്ഥികളായി നിത്തുമൊ? പ്രസിഡെണ്ട് സ്ഥാനത്തേക്കുള്ള ആൾമാറിയാൽ അമേരിക്കക്ക് യുദ്ധത്തിലുള്ള പങ്കിന്നു വല്ല വ്യത്യാസവും വന്നേക്കുമൊ? ഇതെല്ലാം ഗൌരവമായ പ്രശ്നങ്ങളാകുന്നു.

"ജാപ്പാൻെറ കപ്പൽപട നൊമ്മെ പേടിച്ച് യുദ്ധത്തിന്നൊരുങ്ങാത്തതാണെന്ന് ആരും കരുതേണ്ടാ. ഇപ്പോൾ യുദ്ധത്തിന്നൊരുങ്ങി പുറപ്പെട്ടിട്ട് അവക്കു യാതൊരു അനുഭവവും ഇല്ലെന്നെ ഉള്ളൂ. എന്നാൽ എപ്പോഴെങ്കിലും ഒരവസരത്തിൽ യുദ്ധം ചെയ്യാതെ കഴികയില്ലെന്ന് അവക്കറിയാം. അങ്ങിനെ യുദ്ധം ചെയ്യാലുണ്ടാകുന്ന ഫലമെന്താണെന്നും അവക്കറിയാം. നമ്മുടെ കപ്പലുകളും, വിമാനങ്ങളും, സൈന്യങ്ങളും അതിന്നുവേണ്ടി ശാന്തസമുദ്ര രംഗത്തിൽ എത്തിച്ചേരുന്നു." ഇങ്ങിനെയൊരഭിപ്രായമാണ് കെണൽ നോക്സ് ജനവരി 7-ാം തിയ്യതി ഒരു പത്രപ്രതിനിധി സമ്മേളനത്തിൽ പ്രസ്താവിച്ചതു്.

* * *

യൂറോപ്പിൻെറ കിഴക്കൻ പ്രദേശങ്ങളിൽ റഷ്യക്കു പൂണ്ണവിജയം വന്നുതുടങ്ങിയതോടുകൂടി അവിടങ്ങളിലെ രാഷ്ട്രീയ സ്ഥിതി സുസ്ഥിരമാകുന്ന കാര്യത്തിൽ റഷ്യ എന്തൊരു നയമാണാചരിക്കുക എന്നുള്ള പ്രശ്നം അനവധി ആളുകളെയും കോയ്മകളെയും വിഷമിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. റഷ്യയുടെ സ്വന്തം അധികാരവും ശക്തിയും മാത്രം ഉപയോഗിച്ചുകൊണ്ടുള്ള തീപ്പായിരിക്കുമൊ അതു്, അതൊ അത്ലാന്തിക്കു ചാർട്ടർ അനുസരിച്ചുള്ളതായിരിക്കുമൊ? അടുത്തവസരത്തിൽ യാതൊരു കാരണവും കൂടാതെ അമേരിക്കയിലെ രാഷ്ട്രീയ നേതാവായ മി. വിൽക്കിയെ, ഒരു ലേഖനം കാരണമാക്കി, ഒരു റഷ്യൻ പത്രം അധിക്ഷേപിച്ചതാലോചിച്ചാൽ ഈ പ്രശ്നത്തിന്നു് കുറെ കൂടി ഗൌരവം കൂടുന്നുണ്ട്.

## മദിരാശി ഗവമ്മേണ്ടിൻെറ അറിയിപ്പ്

(1) നിക്കൾകൊണ്ടുള്ള നാലണ നാണ്യങ്ങൾ ;

(2) 1940ൽ അടിച്ച നാലണ, എട്ടണ നാണ്യങ്ങൾ (ആറാം ജോർജ്ജിൻെറ തല, ഒഴുക്കൻ വക്ക്, ഇതെല്ലാമാണ് ഇവയുടെ ലക്ഷണം) ;

(3) നാലണ വെള്ളിനാണ്യങ്ങൾ മുഴുവനും ;

ഇവയെല്ലാം എടുക്കാത്ത ചില്ലാനമാണെന്ന് ആളുകൾ പൊക പരത്തുന്നുണ്ട്. ഇതു് വെറും പൊകയാണ്. യഥാത്ഥമല്ല.

(1) എല്ലാ നാലണ നാണ്യങ്ങളും, കള്ളനാണ്യമല്ലെങ്കിൽ, എടുക്കണം.

(2) 1940 ലെയും അതിന്നുശേഷവുമുള്ള എല്ലാ അര ഉറുപ്പികകളും, കള്ള ഉറുപ്പികകളല്ലെങ്കിൽ, എടുക്കണം. വക്ക് ഒഴുക്കനായാലും വേണ്ടില്ല, കൊത്തിയതായാലും വേണ്ടില്ല.

(3) എടുക്കാത്ത അര ഉറുപ്പിക ഏതാണെന്നൊ?—ആറാം ജോർജ്ജിൻെറ തലയുള്ളതും, 1940 ന്നു് മുമ്പ് അടിച്ചതും.

# പ്രതിവാരചിന്തകൾ

യുദ്ധം ഓരോ ദിവസവും കഴിഞ്ഞുവരുംതോറും ഐക്യകക്ഷികളുടെ വിജയസൂര്യന്റെ പ്രകാശം വർദ്ധിച്ചുവരികയാണ്. വിശിഷ്യ റഷ്യൻ രംഗത്തിലെ യുദ്ധം കലാശത്തിനെ കൂടി കുറിക്കുന്നപോലെയിരിക്കുന്നു. റഷ്യയുടെ വിജയം ഐക്യകക്ഷികളിൽ മി. ചർച്ചിലിനേയും, മി. റൂസ്‌വെൽട്ടിനെയും ആഹ്ലാദിപ്പിക്കാതിരിക്കയില്ല. ത്രിമൂർത്തികൾ ഇന്നലെയല്ലേ ടിഹറാനിൽ വെച്ച് സമ്മേളിച്ച് എത്രയും സൌഹാർദ്ദഭാവത്തിൽ പിരിഞ്ഞതു്? എന്നാൽ റഷ്യയുടെ വിജയം അനവധി ചെറു കോയ്മകളെ മിരട്ടുന്നുണ്ടു്; അത്യന്തം പരിഭ്രമിപ്പിക്കുന്നുണ്ടു്. ഇതിൽ ഏററവും പ്രധാനപ്പെട്ട ഒരു കോയ്മയാണ് പോളണ്ടു്. പോളണ്ടിനുള്ള പരിഭ്രമം മററു പല കോയ്മകൾക്കും ഇല്ലെന്നില്ല. എങ്കിലും അവരിൽ ചിലരെല്ലാം റഷ്യയോടു മൈത്രീഭാവം കൈക്കൊണ്ടിരിക്കുന്നതിനാൽ പരിഭ്രമം പുറത്തേക്കു കാണിക്കുന്നില്ല. അങ്ങനെയുള്ള ഒരു കോയ്മയാണ് ചെക്കോസ്ലൊവെക്കിയാ. ചുരുക്കിപ്പറയുന്നതായാൽ സെൻട്രൽ യൂറോപ്പെന്നും, സൌത്ത് ഈസ്റ്റ് യൂറോപ്പെന്നും പറയുന്ന പ്രദേശങ്ങളിലെ കോയ്മകൾക്കെല്ലാം നീറിക്കൊണ്ടൊരു പനി തുടങ്ങീട്ടുണ്ടു്. റഷ്യ സർവ്വ വിജയിയായാൽ നമ്മുടെയൊക്കെ ഗതിയെന്താണ്, എന്നുള്ള ഒരു പ്രശ്നമാണ് ഇവരെയെല്ലാം വിഷമിപ്പിക്കുന്നതു്.



ബർമ്മയുടെ അതൃത്തിപ്രദേശങ്ങളിലുള്ള ഐക്യകക്ഷി സൈന്യം സ്വന്തം പശുക്കളെ വളർത്തുന്നതിനാൽ അവർക്കു പാലിന്നു ക്ഷാമമില്ല

## പത്തൊമ്പതാം നൂററാണ്ടും

പത്തൊമ്പതാം നൂററാണ്ടിന്റെ ആദ്യകാലം മുതൽക്കു തന്നെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്നിച്ഛിച്ചു കൊണ്ടുള്ള പല കലാപങ്ങളും ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ കൊല്ലം 1871 ൽ ബിസ്മാർക്കിന്റെ പ്രധാന മന്ത്രിസ്ഥാനകാലത്തു് ചിന്നിച്ചിതറി കിടന്നിരുന്ന അനേകം ചെറിയ ജർമ്മൻ കോയ്മകളൊന്നിച്ച് ഏകീകരിച്ചതായ ഒരു ജർമ്മൻ കോയ്മയുണ്ടായിത്തീരുകയും, ആധുനിക ഇററലി ആവിർഭവിക്കുകയും ചെയ്തതിന്നുശേഷം യൂറോപ്പിലെ രാഷ്ട്രീയ സ്ഥിതിക്കു ഒട്ടാകെ ഒരു മാററം വന്നുചേൎന്നു. ഇതേവരെ യൂറോപ്പിൽ ദണ്ഡനീതിയാചരിച്ചു വന്ന ഫ്രഞ്ച് കോയ്മ ജർമ്മനിയുടെയും ഇററലിയുടെയും ആവിർഭാവത്തിന്നു ശേഷം അങ്ങനെയുള്ള അപവാദകരമായ ജീവിതത്തിൽ നിന്നു് പിൻമാറി മര്യാദക്കാരനാവുകയും ബ്രിട്ടീഷു കോയ്മയോടു ബന്ധുഭാവം സ്വീകരിക്കുകയും ചെയ്തു. ഇതേവരെ ഫ്രാൻസ് ആചരിച്ചുവന്ന നയത്തെ സംബന്ധിച്ചുള്ള ഗ്രന്ഥം

ജർമ്മനിക്കു കിട്ടീട്ടൊ, എന്തൊ, ഇതിന്നു ശേഷം യൂറോപ്പിലെ ദണ്ഡനീതി ഭരണം ജർമ്മനിയുടെതായി. ഈ ഭരണത്തിന്റെ മൂർദ്ധന്യ ദശയാണ് ഹിറ്റ്ലറുടെ ഭരണത്തിലെത്തിച്ചേർന്നതു. കൊല്ലം 1914 ന്നു മുമ്പു ഈ സംഗതി സെൻട്രൽ യൂറോപ്പിലുള്ള അധികം കോയ്മകളും വേണ്ടപോലെ ധരിച്ചിരുന്നില്ല. ജർമ്മനിയിലെ കെയിസറെ ഭയപ്പെടാതെ കഴികയില്ലെന്നു അവർ ധരിച്ചിരുന്നു. എന്നാൽ അക്കാലത്തു കെയിസറെ ഭയപ്പെടേണ്ടിവന്നപോലെതന്നെ ഈ ചെറിയ കോയ്മകൾ ആസ്റ്റ്രോഹംഗേറിനേയും, അന്നത്തെ റഷ്യയേയും, തുർക്കിയേയും ഭയപ്പെടേണ്ടതുണ്ടായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ അക്കാലങ്ങളിൽ മദ്ധ്യ യൂറൊപ്പിലും തെക്കുകിഴക്കൻ യൂറോപ്പിലും ഉള്ള ചെറിയ കോയ്മകൾ മേൽപറഞ്ഞ നാലു യജമാന രാഷ്ട്രങ്ങളിൽ ഏതിനെയെങ്കിലും ഒന്നിനെ ഭയപ്പെടാതെ നിവൃത്തിയില്ലെന്നുള്ള സ്ഥിതിയായിരുന്നു. എന്നാൽ കഴിഞ്ഞ യുദ്ധാവസാനത്തിൽ ഈ നാലു യജമാനന്മാരേയും കാണാനില്ലാതെയായി. റഷ്യയിൽ കലാപം ആരംഭിച്ചു; ആസ്റ്റ്രോഹംഗേറിയായിലെ ഹാപ്സ്ബർഗ് രാജകുഡുംബം സ്ഥാനഭ്രഷ്ടരായി; കെയിസർ ഓടിയൊളിച്ചു; തുർക്കിയിൽ കലാപം ആരംഭിച്ചുവെന്നു മാത്രമല്ല, തുർക്കിയുടെ കഥ വളരെ പരുങ്ങലിലുമായിരുന്നു. ഇങ്ങിനെയുള്ള അനാഥസ്ഥിതിയിലാണ് ഇന്നു മദ്ധ്യയൂറോപ്പിലും തെക്കുകിഴക്കൻ യൂറോപ്പിലും കാണുന്ന കോയ്മകൾ ആവിർഭവിച്ചതു്.

## സക്സസ്സ്യൻ സ്റ്റെയിറ്റ്സ്

ഇവയെ സക്സസ്സ്യൻ സ്റ്റെയിറ്റ്സ് എന്നാണ് സാധാരണ പറയാറു്. പോളണ്ടു് 350 ലക്ഷം ജനസംഖ്യയോടുകൂടിയുള്ള ഒരു കോയ്മയായി ആവിർഭവിച്ചു. മൂന്നു പ്രാവശ്യം ഭാഗംചെയ്തു, ഒന്നൊന്നര ശതാബ്ദത്തോളം കലാപങ്ങളും കഷ്ടതകളും അനുഭവിച്ചതിന്നു്ശേഷമാണ് ഈ സ്ഥിതിയിലെത്തിയതു്. മുന്നൂറുകൊല്ലം അന്യാധീനത്തിലായിരുന്ന ചെക്കോസ്ലാവേക്കിയയാണ് മറെറാരു പുതിയ കോയ്മ. ഇവിടെയും 150 ലക്ഷം ജനസംഖ്യയുണ്ടായിരുന്നു. മൂന്നാമത്തേതാണ് യൂഗോസ്ലേവിയാ. ഇതു് മുമ്പു സേർബിയാ എന്നു പറയുന്ന രാജ്യമാണ്. ഇതിനോടു മററു ചില സംസ്ഥാനങ്ങളും കൂട്ടിചേർത്തു മൂന്നു സമുദായക്കാരെ ഒന്നായി ബന്ധിപ്പിച്ചു് കൊണ്ടാണ് ഈ കോയ്മയുടെ നിർമ്മാണം. ഈവിധം പുതുതായ കോയ്മകൾ കുറെ ഉണ്ടായിയെങ്കിലും അവക്കു് രക്ഷ നല്കാൻ പ്രാപ്തിയുള്ള ഒരു കോയ്മയും യൂറോപ്പിൽ ഉണ്ടായിരുന്നില്ലെന്നു്മാത്രമല്ല, കഴിഞ്ഞ യുദ്ധത്തിന്നുശേഷം സർവ്വ കോയ്മകളും ഒരുതരം യുദ്ധഭീരുക്കളാവുകയും ചെയ്തു. അമേരിക്ക് യൂറോപ്യൻ രംഗത്തിൽനിന്നു് തീരെ പിൻവലിച്ചു. ഇററലി താൻ യുദ്ധത്തിൽ പങ്കെടുത്തതനുസരിച്ചു് തനിക്കു പട്ടും വളയും കിട്ടിയില്ലെന്നുള്ള പരിഭവത്തിലായി. ജാപ്പാൻ ശാന്തസമുദ്രരംഗത്തിൽ തന്റെ അടിസ്ഥാനം ഉറപ്പിക്കാൻ തുടങ്ങി. ബ്രിട്ടൻ ഭാവിയിൽ ലോകസമാധാനത്തിന്നുതകുന്ന ഏക സ്ഥാപനം ലീഗ് ഓഫ് നേഷൻസ് ആണെന്നു കരുതി തന്നെ സംബന്ധിച്ചിടത്തോളം കഴിയുന്നത്ര ആയുധനിർമ്മാണം ചുരുക്കി സമാധാനബുദ്ധിയിൽ കുടികൊണ്ടു. ഫ്രാൻസ്മാത്രം ജർമ്മനിയെ ഒരിക്കലും തലപൊക്കാൻ സമ്മതിക്കരുതെന്നുള്ള നയം നിലനിർത്തിപ്പോന്നു. എന്നാൽ ഇക്കാര്യത്തിൽ ഒററക്കു് വലുതായ കാര്യങ്ങളൊന്നും നടത്തുവാൻ ഫ്രാൻസിന്നു സാധിച്ചില്ല. അതിനാൽ ഫ്രാൻസിന്റെനയം പരാജയപ്പെടുകയും ലോകധ്വംസനം ചെയ്വാനിച്ഛിക്കുന്നവരുടെ നയം വിജയമാവുകയും ചെയ്തു. ലോകം രണ്ടാമത്തെ യുദ്ധത്തിലും വന്നുചാടി.

## നാളത്തെ സ്ഥിതി

യുദ്ധം തുടർന്നുവന്നു് ഐക്യകക്ഷികൾക്കു് വിജയം വന്നുചേർന്നതോടുകൂടി മേൽപറഞ്ഞ ചെറു കോയ്മകൾക്കു് നാളത്തെ സ്ഥിതിയെപ്പററി രണ്ടാമതും ചിന്ത തുടങ്ങിയിരിക്കുന്നു. കഴിഞ്ഞ യുദ്ധത്തിന്നുശേഷം പുതിയ തേജസ്സോടും, ശക്തിയോടും, പൂർണ്ണസ്വാതന്ത്ര്യത്തോടുംകൂടി ആവിർഭവിച്ച ഈ കോയ്മകൾ ഇരിപതുകൊല്ലത്തോളം അത്യദ്ധ്വാനംചെയ്തു് താന്താങ്ങളുടെ നിവൃത്തിമാർഗ്ഗങ്ങളും സ്വാതന്ത്ര്യബോധവും, അധികാര വ്യാപ്തിയും, കൃഷിയും, വ്യവസായവുമെല്ലാം വളർത്തികൊണ്ടുവന്നതെല്ലാം കണ്ണിൽ ചോരയില്ലാത്തതും, ദുർമ്മതികളുമായ ജർമ്മൻ നാസികൾ വന്നു നശിപ്പിച്ചുകളഞ്ഞതോർക്കുമ്പോൾ നാളെ തങ്ങൾക്കുള്ള സ്ഥിതിയെന്താകുമെന്നു് ഈ ചെറിയ കോയ്മകൾ പരിഭ്രമത്തോടുകൂടി ആലോചിക്കുന്നതിൽ എന്താണ് തെററു്? പക്ഷെ ഈ പരിഭ്രമം അനാവിശ്യമാണ്. മദ്ധ്യയൂറോപ്പിലും തെക്കുകിഴക്കൻ യൂറോപ്പിലും ഭാവിയിൽ സമാധാനപരിപാലനത്തിന്നുവേണ്ട സ്ഥാപനങ്ങളെക്കുറിച്ചു് ചിന്തചെയ്തിട്ടുള്ള നേതാക്കന്മാരിൽ അഗ്രഗണ്യനാണ് മി. ചർച്ചിൽ. അദ്ദേഹവും മററു നേതാക്കന്മാരും ടിഹറാനിൽകൂടിയ സമയം ഈ വിഷയത്തെപ്പററി തീർച്ചയായും ചിന്ത ചെയ്തിരിക്കണം എന്നാണ് ഊഹിക്കേണ്ടതു്.

# ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

228-ാമത്തെ ആഴ്ച

1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ജനുവരി 14-ാംനു-, വെള്ളിയാഴ്ച


## റഷ്യ

റഷ്യൻ യുദ്ധരംഗത്തിൽ മൂന്നാമത്തെ വർഷക്കാല സമരം ആരംഭിച്ചിരിക്കുന്നു. ഡിസെമ്പർ 24-ാം തിയ്യതി മുതല്ക്കാണു്. രണ്ടു വർഷക്കാല സമരം കഴിഞ്ഞു് മൂന്നാമതൊരു വർഷക്കാല സമരം റഷ്യൻ രംഗത്തിലുണ്ടാകുമെന്നു് ആരറിഞ്ഞു! ആദ്യത്തെ വർഷക്കാലയുദ്ധം കണ്ടവർക്കും ഇങ്ങനെ ഊഹിപ്പാൻപോലും വഴിയില്ലായിരുന്നു. രണ്ടാമത്തേതിലും സ്റ്റാലിൻഗ്രാഡ് സമരം കഴിഞ്ഞു് റഷ്യക്കു ലോകം മുഴുവൻ മാറെറാലി കൊള്ളുമാറുള്ള വിജയം കൈവരുന്നതുവരെ റഷ്യ മിഞ്ചിപ്പോരുമെന്നാരും കരുതിയില്ല. സ്റ്റാലിൻഗ്രാഡ് വിജയം കൊണ്ടെല്ലാം റഷ്യയുടെ ഭാവിവിജയത്തിന്റെ തറക്കല്ലിടുകയും ചെയ്തു. അവിടെനിന്നു തന്നെയാണു് ജർമ്മൻ യുദ്ധത്തിന്നു് നാഡി പിഴയും തട്ടിയതു്. സ്റ്റാലിൻഗ്രാഡ് സമരം കഴിഞ്ഞു് ഒരു കൊല്ലമെ ഇപ്പോൾ ആയിട്ടുള്ളു. ഇന്നു റഷ്യയിൽ അല്പം ചില ഭാഗങ്ങളിൽ മാത്രമെ ജർമ്മൻകാർ ബാക്കിയുള്ളു. മററുള്ളേടങ്ങളിൽനിന്നെല്ലാം അവരെ ആട്ടിയോടിച്ചു് ഇപ്പോൾ ജർമ്മൻ സൈന്യം പോളണ്ടിൽ കടന്നിരിക്കുന്നു. ഈ സ്ഥിതിക്കു ജർമ്മനിക്കു പരിഭ്രമിക്കാറായിയെന്നു തന്നെ പറയണം. ജർമ്മനിയുടെ വളപ്പിന്നടുത്തെത്തിയിരിക്കുന്നു ഇപ്പോൾ റഷ്യൻ സൈന്യം എന്നു തന്നെ വേണം പറവാൻ. പിടിച്ചതെല്ലാം വിട്ടുകൊടുത്തുകളയാം, ഇനി ഇവിടുന്നങ്ങോട്ടുള്ള യുദ്ധം തടിക്കു് തട്ടാതെ കഴിയുമെങ്കിൽ, എന്നാണു് ഇപ്പോൾ ജർമ്മനിയിൽ ഉറക്കെ ആലോചന ചെയ്തുവരുന്ന ഒരു പ്രശ്നം. ഇങ്ങനെയുള്ള ഒരത്യാപത്തിൽനിന്നു് ഒഴിഞ്ഞുമാറുവാനുള്ള ശക്തിയൊ, കരുത്തൊ, ജർമ്മനിക്കു ഈയവസരത്തിൽ ഉണ്ടാവാൻ തരമില്ലെന്നപോലെത്തന്നെ യുദ്ധം ഈ നിലക്കു അവസാനിപ്പാനുള്ള മനസ്ഥിതിയും റഷ്യക്കുണ്ടെന്നു് തോന്നുന്നില്ല. മേലിൽ ജർമ്മനി മൂലമായോരാപത്തു ലോകത്തിന്നുണ്ടായിത്തീരരുതെന്നുള്ള സ്ഥിതിയിൽ ജർമ്മനിയെ ആക്കിതീർത്തതിന്നുശേഷമെ റഷ്യ യുദ്ധം കലാശിപ്പിക്കാൻ വഴിയുള്ളു. റഷ്യയുടെ സ്ഥിതിസമത്വവാദത്തിനോടു മല്ലിടുവാൻ വേണ്ടി ആവിർഭവിച്ച ഒരു ശക്തിയാണു് ജർമ്മനിയിൽ നാസിസവും അതിന്റെ നേതാവായ ഹിററ്ലറുമെന്നു വരുമ്പോൾ ഈ രണ്ടു സാധനങ്ങളും എത്രകണ്ടു ലോകത്തിൽ അവശേഷിക്കുവാൻ റഷ്യ സമ്മതിക്കുമെന്നാണു് സംശയം. റഷ്യയുടെ ജന്മഭൂമിയിൽനിന്നു ജർമ്മൻകാരെ ആട്ടിയോടിച്ചു കഴിഞ്ഞതിന്നുശേഷം റഷ്യൻ സൈന്യശക്തി വ്യാപിക്കുന്ന മററു സ്ഥലങ്ങളിൽ, പ്രസ്തുത കോയ്മകളുടെ ഒരു മിത്രത്തിന്റെ നിലക്കൊ അതൊ പരാക്രമിയായ ഒരു വിജയിയുടെ നിലക്കൊ, ആണു് റഷ്യൻ സൈന്യം പ്രവേശിക്കുന്നതെന്നുള്ള പ്രശ്നവും, അതിന്നു റഷ്യയുടെ സമാധാനവും, പോളണ്ടിനെ സംബന്ധിച്ചേടത്തോളവും, മററു് കിഴക്കൻ പ്രദേശത്തെ കോയ്മകളെ സംബന്ധിച്ചേടത്തോളവും തീർച്ചയായിക്കഴിഞ്ഞു. ഈവക കാര്യങ്ങൾ മററുള്ളവർക്കു ആലോചിക്കാനവകാശപ്പെട്ട വിഷയങ്ങളല്ലെന്നാണു് റഷ്യയുടെ മറുവടി. ഇങ്ങനെയൊരു പ്രസ്താവന പുറപ്പെടുവിക്കുവാൻ തക്കതായ സന്ദർഭം റഷ്യക്കു ഇതെവരെയുണ്ടായില്ലെങ്കിലും, വെണ്ടൽ വിൽക്കിയുടെ ഒരു ലേഖനം ഹേതുവാക്കി ഒരു റഷ്യൻ ഔദ്യോഗിക പത്രം ഇത്തരത്തിലുള്ള ഒരു പ്രസ്താവന ചെയ്തിരിക്കുന്നു. ജർമ്മനിയുടെ അധീനത്തിൽനിന്നു്, നരകാസുരന്റെ കാരാഗൃഹത്തിൽനിന്നെന്നപോലെ, മോചിപ്പിച്ചെടുക്കുന്ന കോയ്മകളുടെ കാര്യത്തിൽ അത്ത്ലാന്തിക്കു് ചാർട്ടർ ബാധകമാക്കേണമെന്നു് മി. ചർച്ചിലും, മി. റൂസ്‌വെൽട്ടും നിശ്ചയിച്ചിട്ടുള്ള നിശ്ചയങ്ങൾക്കു വിപരീതമാകയില്ലെ, റഷ്യ ഇത്തരത്തിലുള്ള ഒരു നയം ആരംഭിച്ചാലെന്നു് ഗാഢമായ ചിന്ത അമേരിക്കൻ പത്രങ്ങളിൽ തുടങ്ങിയിരിക്കുന്നു. എന്നാൽ, യുദ്ധകാര്യത്തിലുള്ള ഐക്യതയിൽ ഭംഗം വരുത്തുമാറുള്ള യാതൊരാലോചനകളൊ, പ്രസ്താവനകളൊ, ഇപ്പോൾ ചെയ്യാൻപാടില്ലെന്നുള്ള അഭിപ്രായവും ബ്രിട്ടനിൽ കേൾപ്പാനുണ്ടു്. ഏതായാലും റഷ്യൻ രംഗത്തിൽ അതിശോഭനമായ ഒരു കാലമാണു് പുതു വർഷത്തോടുകൂടി തുടങ്ങിയിരിക്കുന്നതു്.

---

## രണ്ടാം യുദ്ധരംഗം

ഇത്ര വലുതായ നിലയിൽ ഒരുക്കംചെയ്ത ഒരു സന്നാഹം ഇതേവരെ ഉണ്ടായിട്ടുമില്ല, ഇനിമേലിൽ ഉണ്ടാകയുമില്ല. ബ്രിട്ടനെ അടിസ്ഥാനപ്പെടുത്തി ഹിററ്ലർ പിടിച്ചടക്കിയ യൂറോപ്യൻ പ്രദേശങ്ങളിലേക്കുള്ള ഒരു പടപുറപ്പാടിന്റെ ഒരുക്കങ്ങളാണിവയെല്ലാം. അമേരിക്ക, കനഡ എന്നീ രാജ്യങ്ങളിൽനിന്നു് ബ്രിട്ടനിൽ ഓരോ നിമിഷവും എത്തിച്ചേരുന്ന വിമാനസൈന്യത്തിന്നും, കടൽസൈന്യത്തിന്നും, കരസൈന്യത്തിന്നും ഒരു കയ്യുംകണക്കുമില്ല. ഈവിധം ഒരുക്കംകൂട്ടിയുള്ള സദ്യ ഏതുവിധത്തിലാകുമെന്നു് അത്താഴസദ്യകൊണ്ടറിയാവുന്നതാണു്.

ബ്രിട്ടീഷു വിമാനങ്ങളും അമേരിക്കൻ വിമാനങ്ങളും തെരുതെരെയായി ചെന്നു് ജർമ്മനിയിലെ ഓരോ ലക്ഷ്യങ്ങളിൽ ബോംബുവർഷം ചെയ്യുന്നതോർത്താൽ ഇനി ജർമ്മനിയിൽ വല്ലതും ബാക്കിയുണ്ടോ എന്നെങ്ങിനെയാണു് സംശയിക്കാതിരിക്കുക? ബർലിൻ നഗരിയുടെ മുക്കാലും ഭസ്മമായിക്കഴിഞ്ഞുവെന്നു് സൂക്ഷ്മ വർത്തമാനമുണ്ടു്. ശത്രുവിനെ ഹതം വരുത്തുവാൻ ബോംബിന്നുശരി അത്ര നല്ലൊരു സാധനം മറെറാന്നുമില്ല. ഐക്യകക്ഷി സൈന്യങ്ങൾ യൂറോപ്പിൻെറ പടിഞ്ഞാറെക്കരയിൽ ഇറങ്ങുമ്പോഴേക്കും അവരെ സ്വാഗതംചെയ്യാനുള്ള ബുദ്ധിയായി തീർന്നേക്കാം ജർമ്മൻകാർക്കെന്നു് ഗൌരവമായി സംശയിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടങ്ങിനെ ആയിക്കൂടാ? എത്ര കടലുറപ്പുള്ളവനും ആഗ്നേയാസ്ത്രതുല്യമായ ബോംബിൻെറ ശക്തിയിൽ ഞെട്ടങ്ങാതെ കഴികയില്ല. ഹിററ്ലറുടെ യൂറോപ്യൻ കോട്ടയുടെ നേരെയുള്ള വിമാനാക്രമണം നിമിഷംപ്രതി വർദ്ധിച്ചുവരുന്നു. ഈ വർദ്ധനയുടെ മൂർദ്ധ്നിയിലാണു് ഐക്യകക്ഷി സൈന്യങ്ങൾ രണ്ടാംയുദ്ധരംഗം ആരംഭിക്കാനുദ്ദേശിച്ചിരിക്കുന്നതു്. ഇതിനെ സംബന്ധിച്ചു് ഹിററ്ലർക്കു് വളരെ പരിഭ്രമമുണ്ടെന്നാണു് കേൾക്കുന്നതു്. തൻെറ ഒന്നാംതരം സൈന്യം നൂറു ഡിവിഷനെ യൂറോപ്പിൻെറ പശ്ചിമതീരത്തിൽ അണിയുറപ്പിച്ചു് നിർത്തീട്ടുണ്ടത്രെ. രണ്ടാം യുദ്ധരംഗത്തിൽ വെച്ചു് ശരിയായ യുദ്ധം ഉണ്ടായില്ലെങ്കിൽ തന്നെ റഷ്യൻ സൈന്യത്തിന്നു് ഈ ഏക സംഗതികൊണ്ടുണ്ടാവുന്നാശ്വാസത്തിന്നു ഒരു കയ്യുംകണക്കുമില്ല.

---

## തിരുവാതിര

മറേറതു ദിവസങ്ങളിലില്ലെങ്കിലും, ഓണം, വിഷു, തിരുവാതിര ഈ മൂന്നു വിശേഷ ദിവസങ്ങളിൽ നാളികേരം ഉടക്കാത്ത തറവാടു കേരളത്തിലില്ല. അതിനാൽ ഈ മൂന്നു ദിവസങ്ങളും ഓർമ്മവെക്കാത്ത മലയാളികളും ഉണ്ടാകയില്ല. ജനവരി 9-ാം തിയ്യതിയായിരുന്നു തിരുവാതിര. മലയാളത്തിലെ ജനതയുടെ ഗുണകാംക്ഷിയെന്നനിലക്കു് യുദ്ധസഞ്ചികക്കും ഈ ദിവസത്തെപ്പററി ഓർമ്മവെക്കാതെ നിവൃത്തിയില്ല. ഒരു കൊല്ലത്തെ മുന്നൂററിഅറുപത്തിഅഞ്ചു ദിവസങ്ങളും, വിശിഷ്യ കേരളത്തിന്നു് പ്രത്യേകമായ വിശേഷ ദിവസങ്ങളിലും കേരളഗൃഹങ്ങളിൽ സന്തോഷവും, സമൃദ്ധിയും കളിയാടി കാണേണമെന്നാണു് സഞ്ചികയുടെ നിരന്തര പ്രാർത്ഥനയും, അശ്രാന്തപരിശ്രമവും. ഈ ദിവസങ്ങളിൽ പൂർവ്വാചാരനടവടിക്കനുസരിച്ചു് ആചരിക്കേണ്ടതായ സർവ്വനടവടികളും ആചരിക്കുകയും വേണമെന്നാണു് സഞ്ചികയുടെ അഭിപ്രായം. എന്തിനാചരിക്കാതിരിക്കുന്നു? പൂർവ്വാചാരങ്ങൾ മാറേറണ്ടതിന്നു് തക്കതായ കാരണങ്ങളില്ലാതെ മാററുന്നതു ബുദ്ധിശൂന്യമായ പ്രവൃത്തിയാണു്. ഓരോ സമുദായത്തിന്നും പ്രത്യേകമായ ആചാരനടവടികൾ നിലനിർത്തുന്നതു് സമുദായവ്യക്തിയെ നശിപ്പിക്കാതെ നിലനിർത്തുന്നപോലെയാണു്. ഒരു സമുദായവ്യക്തിയെ നിലനിർത്തുമ്പോഴെ അതിന്നു തേജസ്സും ഓജസ്സും ഉണ്ടാവാനും വഴിയുള്ളു. പോരെങ്കിൽ, പുതുതായി ആരംഭിക്കുന്ന ഒരു ഋതുവിനെ കുറിക്കുന്ന മഹോത്സവങ്ങളിൽ ഏററവും വിശേഷപ്പെട്ട ഒന്നാണു് തിരുവാതിര. ഫലവൃക്ഷങ്ങൾ ഇക്കാലം മുതൽക്കാണു് പൂക്കുവാനും കായ്ക്കുവാനും ആരംഭിക്കുക. മാങ്ങ, ചക്ക മുതലായതുകൾ സമൃദ്ധിയായി ഇവിടുന്നങ്ങോട്ടാണുണ്ടാവുക. പ്രകൃതിദേവി അനുഗ്രഹിച്ചുതരുന്ന വിഭവങ്ങളെ സാദരം കൊണ്ടാടുന്ന ഒരു വിശേഷദിവസമാണു് തിരുവാതിര. യുദ്ധം കഴിയട്ടെ; നമ്മുടെ കേരള യുവാക്കൾ ശത്രുസംഹാരം കഴിഞ്ഞു മടങ്ങി സ്വഗൃഹങ്ങളിലെത്തട്ടെ; അവരുടെ കരബലംകൊണ്ടു് നമ്മുടെ സ്വദേശം വിഭവസമ്പൂർണ്ണമാകട്ടെ; അതിന്നുശേഷം ഉണ്ടാകുന്ന തിരുവാതിര എങ്ങിനെയിരിക്കുന്നുവെന്നു നോക്കാം.

---

## പയററ്

ഈ പദം കേൾക്കുന്നവസരത്തിൽ കേരളചരിത്രം ആദ്യന്തം നമ്മുടെ ദൃഷ്ടിയിൽ പതിയുന്നു. പണ്ടു കാലങ്ങളിൽ കേരളത്തിന്നു് കേൾവി കേൾപ്പിച്ച അഭ്യാസികളുടെ പരമ്പര ഒന്നായി നമുക്കു കാണപ്പെടുന്നു. ഒതേനനും കുഞ്ഞി അമ്മയും നമ്മുടെ മനോദൃഷ്ടിയിൽ പതിഞ്ഞു കാണുന്നു. കേരളത്തെ സംബന്ധിച്ചു് അത്ര ചൈതന്യമുള്ളതും, ചരിത്രഗർഭവുമായ ഒരു പദമാണിതു്. ഇതുപോലെ അർത്ഥഗാംഭീര്യമുള്ള പദം മററു വല്ലതും ഇന്നുണ്ടെങ്കിൽ ആയതു് മദിരാശിയിൽ മലയാളികളെ സംബോധനചെയ്യുന്ന "മലയാളത്താൻ" എന്ന പദമാണു്. പയററു് പദത്തിൽ ഉള്ള ചരിത്രപ്രസിദ്ധിയെ നശിപ്പിച്ചു് മലയാളിക്കു് കുപ്രസിദ്ധി നേടുന്ന ഒരു പദമാണു് മലയാളത്താൻ. ഈ പദത്തിൻെറ ശ്രവണമാത്രയിൽ നമ്മുടെ ദൃഷ്ടിയിൽ പതിയുന്ന വേഷം ഒരു ബക്കെററും കീറത്തുണിയും കയ്യിലെടുത്തു് കാപ്പിക്ലബ്ബുകളിൽ എച്ചിലെടുത്തു് മേശ തുടക്കുന്ന മലയാളി വാലിയക്കാരൻെറതാണു്. പയററു് കഴിച്ചു് രാജ്യരക്ഷയും, സമുദായാഭിമാനരക്ഷയും ചെയ്തു് കാലയാപനം കഴിക്കേണ്ട മലയാളി യുവജനങ്ങൾക്കു് ഇങ്ങിനെയൊരു കാലം വന്നില്ലേ? പക്ഷെ ഈ മാനക്ഷയം തീർക്കാവുന്ന ഒരു സന്ദർഭമാണിപ്പോൾ വന്നിരിക്കുന്നതു്. കേരള യുവാക്കൾ ആയിരക്കണക്കിൽ പട്ടാളത്തിൽ ചേർന്നു് ലോകത്തിലെ നാനാ യുദ്ധരംഗങ്ങളിലും കീർത്തി നേടുന്നു. വല്ലവരും പട്ടാള

(ശേഷം 10-ാം പേജിൽ)

# ഈശ്വരാഭീഷ്ടം എന്നും വിജയിക്കും



സാധു ശിവപ്രസാദ്

(സാധു ശിവപ്രസാദ്)

ഈശ്വരാഭീഷ്ടം കൂടാതെ ഈ വിശ്വത്തിൽ ഒരു പക്ഷിപോലും താഴെട്ടു വീഴുന്നില്ല. സജീവമായി ഈ വിശ്വബ്രഹ്മാണ്ഡത്തിലെങ്ങും പ്രവൃത്തിക്കുന്ന ആ ദിവ്യശക്തിയുടെ ശാശ്വതമായ സത്തയെ അവഹേളിക്കുവാനോ ആ ജ്ഞാനശക്തിയുടെ അസീമമായ ആഴത്തെ കണ്ടുപിടിക്കുവാനോ ആ പ്രേമസാഗരൻെറ അത്ഭുത ലീലകളെ ഉള്ളവണ്ണം മനസ്സിലാക്കുവാനോ നമുക്കു സാധിക്കുകയില്ല. ഈശ്വരാഭീഷ്ടത്താൽ വ്യക്തികൾ ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു. അതെ ആജ്ഞയാൽ സാമ്രാജ്യങ്ങൾ ഉയരുന്നു, ജീവിക്കുന്നു, നശിക്കുന്നു. ഈ മഹത്വത്തെ മനസ്സിലാക്കുവാൻ സാധിക്കാത്തതിനാലൊ മനസ്സിലാക്കുവാൻ മനസ്സില്ലാഞ്ഞിട്ടോ എന്തോ മനുഷ്യൻ അഞ്ചാംപത്തിക്കാരായിത്തീരുകയും ഈശ്വരപ്രദത്തമായ ചെങ്കോലിനേയും കിരീടത്തേയും തങ്ങളുടെ സ്വന്തം ശക്തിയാൽ അട്ടിമറിക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കയും ചെയ്തുകൊണ്ട് അരാജകത്വം വിതറുവാൻ തുനിയുന്നു. അങ്ങിനെ ഒരു സാമ്രാജ്യത്തിനുള്ളിൽ അരാജകത്വം നടമാടുവാൻ ഇടയാക്കുന്ന കുറെ വ്യക്തികളുണ്ടാകുമ്പോൾ അവരെ സഹായിക്കുവാൻ അന്യ സാമ്രാജ്യ ശക്തികൾ ഇളകുന്നു. ഇവരുടെ അസൂയയും സാമ്രാജ്യദുർമ്മോഹവും സ്വന്തം നാട്ടിലെ പ്രജകളുടെ അരാജകത്വദുശ്ശീലവും ഒന്നായിച്ചേർന്ന് ഈശ്വരാഭീഷ്ടത്തോടെതൃക്കുവാൻ തുടങ്ങുന്നു. അങ്ങിനെയാകുന്നു ലോകമഹായുദ്ധങ്ങളുണ്ടാകുന്നതു്. ബ്രിട്ടനും ഐക്യശക്തികളും യുദ്ധമെ ഇനി ഭൂമുഖത്തിലുണ്ടാകരുതു് എന്നു് കരുതി സമാധാനത്തിലിരുന്നിരുന്നു. ഭാരതഭൂമിയിലെ ബഹുഭൂരിപക്ഷം ബ്രിട്ടൻെറ ചെങ്കോലിൻകീഴിൽ ഭയമില്ലാതെ സമാധാന ബുദ്ധിയോടുകൂടി "നരാണാം ച നരാധിപ" എന്നു വിശ്വസിച്ചു രാജഭക്തിയോടും ദൈവഭക്തിയോടും വിശ്വസൌഹാർദ്ദത്തിൽ വിശ്വസിച്ചും ജീവിച്ചിരിക്കെ ഭയങ്കരനായ ഇററാലിയൻ സാമ്രാജ്യാധിപതിസാധുസമ്മർദ്ദനത്തിലുള്ള അത്യാശയോടുകൂടി പാവപ്പെട്ട അബ്സീനയെ തീയുണ്ടകളും വിഷവായുക്കളും പൊഴിച്ചു കീഴടക്കി. ഈ മഹാജളപ്രഭുവിനെ സഹായിച്ചുകൊണ്ടു് ഹിററ്ലരും ടോജോവും തങ്ങളുടെ യുദ്ധസജ്ജീകരണങ്ങളെ ക്രമാതീതമായി വർദ്ധിപ്പിച്ചുകൊണ്ടു് "വിശ്വസൌഹാർദ്ദസമ്മേളനമായ (League of Nations) ലീഗി"ൻെറ നടവടികളെ എതൃക്കുകയും ക്ഷമാതലങ്ങളെല്ലാം തവിടുപൊടിയാക്കി ഏകഛത്രാധിപത്യം നാട്ടുവാൻ ഒരുമ്പെടുകയും ജനകീയ ഭരണപ്രസ്ഥാനം നടപ്പിൽവരുത്തുവാൻ ശ്രമിക്കുന്ന ബ്രിട്ടൻെറ സാമ്രാജ്യം തകർക്കുവാൻ ആശിക്കയുംചെയ്തു. അങ്ങിനെ 1939 സപ്തംബർ 1-ാം തിയ്യതി ഹിററ്ലർ കത്തിക്കാളുന്ന സാമ്രാജ്യമോഹത്തോടുകൂടി അബലയായ പോളണ്ടിനെ പെട്ടെന്നു ആക്രമിച്ചു കീഴടക്കി. പഴയ സന്ധിയുടെ കൂട്ടുകെട്ടു പ്രമാണിച്ചും സാധുരക്ഷണ ധർമ്മത്തെ ഓർത്തും നമ്മുടെ ബ്രിട്ടീഷ് രാജാവ് യുദ്ധപ്രഖ്യാപനം ചെയ്തുവെങ്കിലും അക്കാലത്തു ബ്രിട്ടന്നു് യാതൊരു സൈനിക ശക്തിയും ബലത്തിലുണ്ടായിരുന്നില്ല. ആ തക്കം നോക്കി ആദ്യം പറഞ്ഞ ദൈവ വിരോധികൾ ബെൽജ്യവും, ഹോളണ്ടും, ഫ്രാൻസും, ഗ്രീസും കൈക്കലാക്കി അട്ടഹസിച്ചാർത്തുകണ്ടു ഏഷ്യക്കാരിൽ വമ്പനാണെന്നുള്ള നാട്യം വച്ചിരിക്കുന്ന ജാപ്പുകാർ ബർമ്മയും പിടിച്ചടക്കി. ഇത്തരുണത്തിൽ ഇവിടെ അരാജകത്വക്കൊടി പാറിച്ചിരുന്ന നമ്മുടെ "അഞ്ചാംപത്തിക്കാരിളകി" ഇതാ ബ്രിട്ടൻ തകർന്നുപോയി. ഹിററ്ലർ അവതാരമാണ്. ടോജോവും മുസ്സോളിനിയും ആ അവതാരത്തിൻെറ അംശാവതാരങ്ങളാണ്. ബ്രിട്ടൻ വിജയിക്കുകയില്ല. നമ്മുടെ നാട്ടിൽ "ജാപ്പാൻെറ കൊടി കുത്തണം" എന്നുംമററും നാലുകോണിലും തങ്ങളുടെ ജിഹ്വാഞ്ചലങ്ങളെ ഇളക്കി രാജ്യം തകിടം മറിക്കുവാൻ സാധുജനങ്ങളെ വശീകരിച്ചുതുടങ്ങി. അഞ്ചാംപത്തിക്കാരുടെ പ്രാബല്യമുള്ള കൊക്കനാടയിലും വൈശാഖപട്ടണത്തിലും കൽക്കത്തയിലും ബോംബുവർഷിക്കുവാൻ ജാപ്പുകാർ ആരംഭിച്ചു. അങ്ങിനെ ബോംബുകളാൽ കെട്ടിടങ്ങൾ തകർത്തും യൂബോട്ടുകളാൽ കപ്പലുകളെ തകിടംമറിച്ചും സൈന്യസമൂഹങ്ങളെ ഒട്ടാകെ മുക്കിക്കൊന്നും, ടാങ്കുകളാൽ പട്ടണങ്ങളേയും ജനങ്ങളേയും മുടിച്ചും നാസികൾ അഥവാ നാശികളായ നിശാചരക്കൂട്ടങ്ങൾ ലോകമൊട്ടാകെ കൂട്ടക്കുലയും കൊള്ളയും നടത്തി വിഭ്രമിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം അന്നന്നു വെണ്ടക്കായക്ഷരങ്ങളിൽ പത്രപംക്തികൾ ഘോഷിക്കയും നാവാടിസേനകൾ നാലുപാടും നടന്നു നാല്പതുമടങ്ങു ഇരട്ടിച്ചു ഘോഷിക്കയും ചെയ്തതിൻെറ ഫലമായി അട്ടിമറിപ്രസ്ഥാനങ്ങൾ ദിശിദിശി വർദ്ധിക്കയും പോസ്റ്റാഫീസുകൾ കോടതികൾ ഭവനങ്ങൾ തുടങ്ങിയവ അഗ്നിക്കിരയാകുകയും റെയിലുകൾ മാററുക, കമ്പികൾ മുറിക്കുക തുടങ്ങിയ തെമ്മാടിത്തരങ്ങൾ നാട്ടിൽ വർദ്ധിച്ചുവരികയും ചെയ്തു.

അത്തരുണത്തിലാണ് ബഹുമാനപ്പെട്ട വൈസറായി അവർകൾ "ദേശീയ സമരനിരാപ്രസ്ഥാന"ത്തെ അവതരിപ്പിച്ചതു്. ദേശീയ സമരനിരയുടെ പ്രധാനവും പ്രഥമവുമായ ഉദ്ദേശം ഈ മാതിരിയുള്ള "അഞ്ചാംപത്തിക്കാരുടെ നാവാട്ടിത്തരത്തിൽ" നിന്നും നാട്ടുകാരെ രക്ഷിക്കുന്നതും പൊതുജനങ്ങളുടെ സമരമനസ്ഥിതിയെ വളർത്തുന്നതും പരിപോഷിപ്പിക്കുന്നതുമായിരുന്നു. ഈ പ്രസ്ഥാനം ഇപ്പോൾ നന്നായി വളർന്നു "നാസിസത്തേയും" "ഫാസിസത്തേയും" ഭസ്മീകരിക്കുന്ന ശക്തിയുള്ള ഒരു "നവ്യശക്തിയായി" നടമാടുന്നു. സമ്പൂജ്യനായ കേരളത്തിലെ സേനാനിയാമകൻ ശ്രീ റാവു ബഹദൂർ കുഞ്ഞിരാമൻ നായർ അവർകളുടെ യുവജന സഹജമായ കെല്പും ചുറുചുറുക്കും ഈ സൈനിക നിരയെ മലബാറിൽ അടിക്കടി മുന്നോട്ടു കൊണ്ടുപോകുന്നുണ്ടു്. അതുപോലെ ആസേതുഹിമാചലം ഇപ്പോൾ ഈ നവ്യാവതാരം ജയംകൊള്ളുന്നു.

ഇപ്പോൾ യുദ്ധത്തിൻെറ നിലയൊക്കെ ഒന്നുമാറി. ബ്രിട്ടീഷ് സാമ്രാജ്യശക്തിയെപ്പററിയുള്ള അഭിപ്രായവും മാറി. "ഒരിക്കലും ഭാസ്കരനസ്തമിക്കാത്ത" ഒരു സാമ്രാജ്യമാണ് ബ്രിട്ടനുള്ളതെന്നും ബ്രിട്ടനുമായുള്ള കൂട്ടുകെട്ടു ഭാരതത്തിന്നു് ഒരനുഗ്രഹമാണെന്നും ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. എങ്കിലും സ്വാതന്ത്ര്യത്തിന്നു് വെമ്പുന്ന മനുഷ്യഹൃദയത്തിന്നു ബ്രിട്ടൻെറ അനുഗ്രഹത്തോടുകൂടി ഈ യുദ്ധാനന്തരം "സ്വാതന്ത്ര്യലബ്ധിയുണ്ടാകുമെന്നുള്ള അമൃതവാക്യം ഒട്ടേറെ സമാശ്വാസം നല്കുന്നുമുണ്ടു്. ബ്രിട്ടനല്ല നമ്മെ ഇനിമേൽ ഭരിക്കുന്നതെങ്കിൽ നമ്മുടെ സർവ്വാഭീഷ്ടങ്ങളും നഷ്ടപ്രായമായിത്തീർന്നു നാം പിന്നോട്ടടിച്ചു 200 കൊല്ലത്തേക്ക് വീണ്ടും അടിമത്വഭാരം സഹിക്കേണ്ടതായിവരും (സംശയിക്കേണ്ട) എന്നു് ജനങ്ങൾ എങ്ങും വിശ്വസിച്ചു തുടങ്ങിയിരിക്കുന്നു. ഇതെല്ലാം ഇവിടെ സാധിച്ചതു് നമ്മുടെ യുദ്ധമുന്നണിയിൽ പ്രവൃത്തിക്കുന്ന ധീരോദാത്തന്മാരായ പട്ടാളക്കാരുടെ വിജയകരങ്ങളായ യുദ്ധസാമർത്ഥ്യംകൊണ്ടും ദേശീയ മുന്നണിക്കാരുടെ പ്രചരണവേലകൊണ്ടും നാട്ടുകാരുടെ ഉള്ളഴിഞ്ഞ സാഹായ്യങ്ങൾ കൊണ്ടുമാണെന്നു നിർവ്വിവാദം പറയാം.

(ശേഷം 11-ാം പേജിൽ)

ചെറുകഥ

# അൽലാഹുവിൻെറ വിധി

(ടി. അസ്സനാർകുട്ടി, താനൂർ)

കോടീശ്വരനും കുബേരനുമായ ഉമ്മർകുട്ടി സാഹിബിൻെറ പുത്രി ഖദീജയും ദരിദ്രനും സൽസ്വഭാവിയും ആയിരുന്ന കാതർകാക്കയുടെ പുത്രൻ ഖാലിദും ഹൈസ്കൂളിൽ 5-ാം ഫോറത്തിൽ പഠിച്ചുവരികയാണ്. കാതർകാക്കയുടെ മരണശേഷം ഖാലിദ് തൻെറ വിദ്യാർത്ഥിജീവിതം എന്നെന്നേക്കുമായി അവസാനിപ്പിക്കുവാൻ തീരുമാനിച്ചെങ്കിലും അപ്രദേശത്തെ ഉദാരമതികളായ ചിലർ അധ്യാപകവും അന്യസമുദായകർ, ഖാലിദിന്നു തൻെറ വിദ്യാഭ്യാസചിലവുകൾ നൽകുവാൻ തുടങ്ങിയതോടുകൂടി അവൻ ഭാഗ്യവാനായി. ഖദീജ! ദുരഭിമാനവും അഹങ്കാരവും നിറഞ്ഞ തൻെറ പിതാവിൻെറ ഏകസന്താനമാണെങ്കിൽകൂടി സൽസ്വഭാവത്തിൻെറയും സഹാനുഭൂതിയുടെയും ഒരു മൂർത്തീകരണമാണ്. തൻെറ പിതാവിൻെറ മരണശേഷം ലക്ഷക്കണക്കിൽ അദ്ദേഹം സമ്പാദിച്ച സമ്പത്തുകൾക്കു താൻ മാത്രം അവകാശിയായിതീരുമെന്നുള്ള മോഹം ആ തരുണീരത്നത്തെ തീണ്ടുകപോലും ചെയ്തിട്ടില്ല. ഖാലിദു! ആ നാമധേയശ്രവണം തന്നെ അവൾക്കു ഒരു പുതിയ ഉന്മേഷം ഉണ്ടാക്കുന്ന മധുരഗാനമാണ്. സ്കൂൾ വിട്ടുവന്നാലും അടുത്ത പറമ്പിൽ ഉള്ള ചെറുകുടിലിൽ താമസിക്കുന്ന ഖാലിദിനെ അവൾ ഒരു പ്രാവശ്യമെങ്കിലും കണ്ടു സംസാരിക്കാതെ തൻെറ മാളിക മുകളിലേക്ക് കയറിപോവാറില്ല. ഖാലിദിന്നു ധനസംബന്ധമായ സഹായങ്ങൾ അന്യരിൽനിന്ന് ലഭിക്കുന്നതെല്ലാം തന്നെതാൻ അങ്ങോട്ടു ആവശ്യപ്പെട്ടിട്ടാണ്. പക്ഷെ ഖദീജ ഖാലിദിൻെറ ആവശ്യങ്ങൾ കണ്ടറിഞ്ഞുതന്നെ സഹായിക്കും.

ഒരു ദിവസം രണ്ടുപേരും കൂടി സ്കൂളിലേക്കു പോകുമ്പോൾ

ഖാലിദു: ഭവതിയുമായുള്ള എൻെറ പ്രേമത്തിന്ന് അടുത്തു തന്നെ ഒരു പൂർണ്ണവിരാമം ഇടേണ്ടിവരുമെന്നു തോന്നുന്നു.

ഖദീജ (ഉൽകണ്ഠയോടുകൂടി): എന്താ! താങ്കൾ രാജ്യം വിട്ടുപോവാൻ ഭാവിക്കുന്നുണ്ടോ? എന്നാൽ എന്നെ . . . . . .

ഖാലിദു: അല്ല, ഭവതിയുടെ പിതാവ്, ഭവതിയെ കുളമ്പിലെ ഒരു വലിയ പ്രമാണിക്ക് വിവാഹം ചെയ്തു കൊടുപ്പാൻ തീർച്ചപ്പെടുത്തിയിട്ടുണ്ടത്രെ.

സൌഭാഗ്യവതിയായ ഖദീജയുടെ മുഖം ഇതു കേട്ടതോടുകൂടി നിരാശയുടെ ഒരു നൃത്തരംഗമായി പരിണമിച്ചു. മുസ്ലിം സമുദായത്തിലെ യുവതികൾക്ക് ഇത്തരം അസ്വാതന്ത്ര്യം ഉണ്ടാക്കിത്തീർത്തിട്ടുള്ള അനവധി വിപത്തുകൾ അവൾ ധാരാളം കേട്ടിട്ടുണ്ട്. താൻ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരാളെ തൻെറ ഭാവിജീവിതത്തിലെ ഒരു കൂട്ടുകാരനായി സ്വീകരിക്കുന്നതിന്നു പകരം താൻ ജനിച്ചതു മുതൽ കേട്ടിട്ടുകൂടിയില്ലാത്ത ഒരപരിചിതനെ തൻെറ ഭർത്താവായി സ്വീകരിക്കേണ്ടിവരുന്നതുമൂലം യഥാർത്ഥത്തിൽ തന്നെപ്പോലുള്ള നിരവധി സഹോദരികളെ എന്നെന്നേക്കും കണ്ണുനീരും കയ്പുമായി ജീവിപ്പിക്കുവാൻ ഇടവരുത്തിയ പല കഥകളും അവൾക്കു ഓർമ്മവന്നു. പക്ഷെ കുറച്ചു നേരത്തെ മൌഢ്യത്തിന്നുശേഷം ഒരു പുഞ്ചിരിയോടുകൂടി അവൾ ആ രംഗം അവസാനിപ്പിക്കുകയാണുണ്ടായത്.

രണ്ടു ദിവസത്തിന്നു ശേഷം ഉമ്മർകുട്ടി സാഹിബിന്നു തപാൽ വഴിയായി ഒരു കത്തുകിട്ടി. അതിപ്രകാരമായിരുന്നു:

സ്കൂളിൽ വെച്ചു, 16-1-42.

ബി.

"വാത്സല്യ പിതാവെ!

അങ്ങയുടെ പുത്രി ഈ കത്തെഴുതുന്നത് അവിവേകമാണെന്ന് അങ്ങ് തെററിദ്ധരിക്കരുത്. അങ്ങു കഷ്ടപ്പെട്ടും വ്യവഹാരങ്ങൾ നടത്തിയും സമ്പാദിച്ച നിരവധി സ്വത്തുക്കളുടെ പിൻഗാമിയായി വാഴുവാൻ എടവരുന്ന ഈയുള്ളവൾക്കു എൻെറ ഭാവിജീവിതം എൻെറ മനസ്സാക്ഷിക്കും ഇഷ്ടത്തിന്നും അനുസരിച്ച കെട്ടിയുറപ്പിക്കുവാനുള്ള ഉത്തരവാദിത്വം എന്നിൽ തന്നെ തികച്ചും കിടക്കുന്നുണ്ടെന്നുള്ള വിശ്വാസത്തിന്മേൽ മാത്രമാണ് ഞാൻ ഈ കത്തെഴുതുന്നത്. അങ്ങ് എന്നെ ഒരു മാന്യന്നു വിവാഹം ചെയ്തു കൊടുപ്പാൻ തീർച്ചപ്പെടുത്തിയതായും അതിൻെറ ചില പ്രാരംഭ ചടങ്ങുകൾ ഇന്നെ തുടങ്ങിവെച്ചതായും ഞാൻ വിശ്വാസയോഗ്യമായി അറിയുന്നു. എൻെറ വിവാഹാലോചനയിൽ എനിക്കു ഒട്ടും തന്നെ സ്വാതന്ത്ര്യം ഇല്ലെന്നു കടുത്ത യാഥാസ്ഥിക സാമുദായിക വിധിയെ അവലംബിച്ചു കൊണ്ട് അങ്ങ് ഒരുപക്ഷെ ശരിച്ചു പറഞ്ഞേക്കാം. പക്ഷെ ഞാൻ ഈയവസരം അങ്ങയോടു അത്തരം ഒരു വാദപ്രതിവാദത്തിന്നു തയ്യാറില്ല. ഞാൻ ഒന്നുമാത്രം പറയാം. എനിക്കു ഇഹലോകത്തു ഒരു ഭർത്താവു വേണമെങ്കിൽ ആയതു പരേതനായ കാതർ കാക്കയുടെ സീമന്തപുത്രൻ ഖാലിദു സാഹിബ് മാത്രമാണ്. അദ്ദേഹത്തെ ഞാൻ മനസാ വരിച്ചുകഴിഞ്ഞു. ഇതിന്നു അങ്ങു സന്തോഷപുരസ്സരം സമ്മതിച്ചു ഞങ്ങളെ ഇരുവരേയും അനുഗ്രഹിക്കേണമെന്നാണ് ഈയുള്ളവൾ അങ്ങയോടു അപേക്ഷിക്കുന്നതു.

എന്ന് അങ്ങയുടെ വാത്സല്യപുത്രി, ഖദീജ."

ഈ കത്ത് വായിച്ചതോടുകൂടി ഉമ്മർകുട്ടി സാഹിബിന്ന് കോപം സഹിക്കവയ്യാതെ മേശമേൽ ഇരുന്നിരുന്ന വിലപിടിച്ച ഒരു പളുങ്ക് പാത്രം ഒരൊററ തട്ടുകൊണ്ട് തവിടുപൊടിയാക്കി. ഉടനെ കാര്യസ്ഥനെ സ്കൂളിലേക്കയച്ചു ഖദീജയെ വരുത്തി മാളികമുകളിലുള്ള നെല്ലറയിൽ ഇട്ടു ഒരു തടവുകാരിയുടെ നിലയിൽ ആ മുറി പൂട്ടുകയും ചെയ്തു. എന്നിട്ടും തൻെറ കോപശാന്തി വരാഞ്ഞയാൽ സ്കൂളിലേക്കു താൻ തന്നെ പുറപ്പെടുകയും വഴിയിൽവെച്ചു സ്കൂൾ വിട്ടുവരുന്ന ഖാലിദിനെ നിരത്തിൽ വെച്ചു അടിച്ചുപതുക്കേപ്പിക്കുകയും "നാളെ ഇപ്രദേശത്തു നിന്നെ കണ്ടിട്ടുണ്ടെങ്കിൽ അറുത്തു കഷ്ണമാക്കുമെന്നു" ഭീഷണിപ്പെടുത്തുകയും ചെയ്തു. ബുദ്ധിശാലിയായ ഖാലിദിന്ന് കാര്യമെല്ലാം ക്ഷണനേരം കൊണ്ടു മനസ്സിലാവുകയും വൃദ്ധയായ തൻെറ മാതാവിൻെറ സമ്മതം കൂടി വാങ്ങാതെ പിറെറ ദിവസം പുലച്ചെ വണ്ടിക്കു ബങ്കളൂരിലേക്കു പുറപ്പെടുകയും ചെയ്തു. സത്യവും നീതിയും പരിപാലിച്ചുവരുന്ന ഈശ്വരൻ ഇതിനെല്ലാം ഒരു പോംവഴി ഭാവിയിൽ ഉണ്ടാക്കിത്തരുമെന്ന ഒരൊററ സമാധാനമേ ആ ദൈവവിശ്വാസിക്കു അപ്പോൾ ഉണ്ടായിരുന്നുള്ളു. ബങ്കളൂരിൽ വെച്ചു ഇന്ത്യൻ രാജകീയ സൈന്യത്തിൽ ഒരു ഭടനായി ചേരുകയും ട്രെയിനിങ്ങിന്നായി അന്നു തന്നെ പെഷവാറിലേക്കു പുറപ്പെടുകയും ചെയ്തു. രണ്ടു കൊല്ലത്തിന്നുശേഷം ബുദ്ധിമാനും അച്ചടക്കബോധമുള്ളവനുമായ ഖാലിദു ഐ. എ. എഫിലെ ഒരു കമീഷണ്ടു ഓഫീസ്സരായി 800 ക. ശമ്പളം വാങ്ങുവാൻ തുടങ്ങിയതോടുകൂടി തൻെറ അമ്മയെ തൻെറ കൂടെ തന്നെ താമസിപ്പിക്കുവാൻ തീർച്ചപ്പെടുത്തി. ഖദീജയെകുറിച്ചു ഒന്നും തന്നെ തനിക്കു എഴുതരുതെന്നു അമ്മയെ നിർദ്ദേശിച്ചിരുന്നതിനാലും നാടുവിട്ടതു മുതൽ ഇതുവരെ നാട്ടിൽ മടങ്ങിവരാത്തതിനാലും ഖദീജയുടെ ഒരു വിവരവും ഖാലിദു അറിഞ്ഞിരുന്നില്ല. വെറും ഒരു ഭടനായി ചേർന്ന അതേ ബങ്കളൂരിലേക്കുതന്നെ ഒരു ഓഫീസറായി ഖാലിദു മടങ്ങിവന്നപ്പോൾ അമ്മയെ അങ്ങോട്ടു വരുത്തി കൂടെ താമസിപ്പിച്ചുതുടങ്ങി. അമ്മയെ കണ്ടപ്പോഴാണ് ഖദീജയെ സിലോണിലേക്കു വിവാഹം ചെയ്തയച്ചതും ഉമ്മർകുട്ടി സാഹിബ് കോളറരോഗത്താൽ മൃതിയടഞ്ഞതും മററും ഖാലിദിന്നറിയാൻ ഇടവന്നതു്.

അമ്മയെ തൻെറ കാറിൽ ഇരുത്തി വൈകുന്നേരം നിത്യം ബങ്കളൂർ ടൌൺ ചുററുന്നതു ഖാലിദിന്നു സാധാരണ പതിവാണ്. ഒരു ദിവസം താനും അമ്മയുംകൂടി കാറിൽവന്നു മോഡേൺ ഇലക്ട്രിക്ക് ഹൌസിൽ കയറി തൻെറ ഇലക്ട്രിക്ക് പങ്കയുടെ ഒരു ചിറക് റിപ്പേർ ചെയ്യുവാൻ ഏല്പിച്ചു പുറത്തേക്കിറങ്ങിയപ്പോൾ നിരത്തിൽ സുമാർ ആറു മാസം പ്രായമായ ഒരു ചെറു പൈതലിനെയും എടുത്തുകൊണ്ടു ഒരു സ്ത്രീ "ഒരു കാശു" എന്നു പറഞ്ഞു. പട്ടിണികൊണ്ടും മെലിഞ്ഞ ദേഹവും ഒട്ടിയ കവിളും മുഷിഞ്ഞ വസ്ത്രവുമെല്ലാം ആണെങ്കിൽകൂടി തറവാടിത്വത്തിൻെറ ഒരു എളിയ ഛായ ആ യുവതിയിൽ ഒളിഞ്ഞിരിക്കുന്നുണ്ടോ എന്നു ഖാലിദിന്നു തോന്നി. അദ്ദേഹം ഉടനെ കാറിൽ കയറി തൻെറ സംശയം കാറിൽ ഇരിക്കുന്ന അമ്മയോടു ചോദിച്ചു. അമ്മ പെട്ടെന്നു തലപുറത്തേക്കിട്ടു നോക്കിയതും ആ യുവതി റോഡിൽ ബോധം കെട്ടു റോഡിൽ തന്നെ വീണതും ഒപ്പം കഴിഞ്ഞു. താൻ തന്നെ താങ്ങികൊണ്ടു അവളെയും കുട്ടിയെയും കാറിൽ കയററി തൻെറ ബങ്കളാവിലേക്കു അതിവേഗത്തിൽ ഖാലിദ് കാർ ഓടിച്ചുപോകയും ചെയ്തു.

താൻ സിലോണിൽ എത്തിയതും ഭർത്താവിൻെറ തെമ്മാടിത്വംകൊണ്ടു പല ക്രിമിനൽ കേസ്സുകളിലും പെട്ടും വിലപിടിച്ച ലഹരിപാനീയങ്ങൾ കുടിച്ചും ധൂർത്തടിച്ചും ശീട്ടുകളിച്ചും ഭർത്താവ് ധനമെല്ലാം നശിപ്പിച്ചതും ബാപ്പയുടെ മരണശേഷം സ്വത്തെല്ലാം വിററു ആ പണവും ഭർത്താവ് തന്നെ അപഹരിച്ചതും അവസാനം ഭർത്താവു ക്ഷയരോഗം പിടിച്ചു മരിച്ചതും താനും ആ ചെറുപൈതലും കൂടി നാട്ടിൽ ഒരു വിധേന മടങ്ങിവന്നപ്പോൾ ഖാലിദും അമ്മയും ബങ്കളൂരിൽ ഉണ്ടെന്നറിഞ്ഞു അവിടുത്തേക്കു തീവണ്ടിയിൽ ടിക്കററില്ലാതെ യാത്ര ചെയ്തു എത്തിയതും 11 ദിവസം അന്വേഷിച്ചിട്ടും ഖാലിദിനെ കണ്ടുപിടിക്കാൻ കഴിയാത്ത നിരാശയാൽ അന്നു രാത്രി തൻെറ ചെറുപൈതലിനെ റോഡിൽ ഇട്ടേച്ചുകൊണ്ട് ആത്മഹത്യ ചെയ്യാൻ തീർച്ചപ്പെടുത്തിയതുമെല്ലാം ഖദീജ വിവരിച്ചു പറഞ്ഞു.

"അൽലാഹുവിൻെറ വിധി"

# രാജ്യരക്ഷ

(ശ്രീമാൻ രാഘവപ്പണിക്കർ)

പണിക്കർ: മിസ്റ്റർ, ഓ, തെററിപ്പോയി. ശ്രീ. മേനോൻ എവിടുന്നു വരുന്നു.

മേനോൻ: ആദ്യം തന്നെ പരിഹാസവും കൊണ്ടു പുറപ്പെടേണ്ട. ഞങ്ങൾക്കു ശ്രീ തന്നെ മതി. നിങ്ങളുടെ മിസ്റ്ററും എസ്ക്വയറും സെറും ഒന്നും ഞങ്ങൾക്കു വേണ്ട.

പണിക്കർ; അതല്ലേ ശ്രീ മേനോൻ ഞാൻ ക്ഷണത്തിൽ തിരുത്തിയതു്. ഇനി ശുണ്ഠി എടുക്കാതെ എവിടെനിന്നു വരുന്നു എന്നു പറയൂ.

മേനോൻ: ഞാൻ ഗ്രാമസേവാസംഘം കമിററി മീററിങ്ങിന്നു പോയിവരികയാണു്. നിങ്ങളുടെ വരവു എവിടുന്നാണു്?

പണിക്കർ: ഞാൻ യുദ്ധക്കടത്തെ സംബന്ധിച്ചു മിഷ്യൻ സ്കൂളിൽ ഒരു മീററിങ്ങ് ഉണ്ടായിരുന്നു. അതിന്നു പോയി മടങ്ങുകയാണു്.

മേനോൻ: വല്ലവരും ഉണ്ടായിരുന്നുവോ. ആരാണു് അദ്ധ്യക്ഷൻ.

പണിക്കർ: എന്താഹെ വല്ലവരും ഉണ്ടായിരുന്നുവൊ, എന്നു ചോദിക്കുന്നതു. നിങ്ങളാൽ ചിലരുടെ വിചാരം കൂപമണ്ഡൂകങ്ങളെപ്പോലെ നിങ്ങളുടെ മീററിങ്ങിൽ കഴിഞ്ഞു വേറെ മീററിങ്ങും ജനക്കൂട്ടവും ഇല്ലന്നാണൊ. എത്ര എത്ര പ്രഭുക്കന്മാരും, ധനികന്മാരും, കച്ചവടക്കാരും, ഉദ്യോഗസ്ഥന്മാരും, പെൻഷണർമാരും, സാധാരണന്മാരും ഉണ്ടായിരുന്നു. സ്കൂളിലെ ആ വലിയ ഹാൾ തിങ്ങിവിങ്ങിയിരുന്നു. നമ്മുടെ തുക്കിടിയാണു് അദ്ധ്യക്ഷം വഹിച്ചതു്.

മേനോൻ: നിങ്ങളും ഞങ്ങളും എതൃകക്ഷികളാണന്നല്ലെ വെച്ചിരിക്കുന്നതു്. പിന്നെ എന്തിനാണു് നമ്മുടെ തുക്കിടി എന്നു കൂട്ടി കെട്ടു്. ആകട്ടെ; ഈ കടംപിരിവും സൌജന്യം പിരിവും തുടങ്ങീട്ടു വളരെ കാലമായല്ലൊ. ഈ ക്ഷാമകാലത്തു കോടാനുകോടി ജനങ്ങൾ ദാരദ്ര്യത്തിൽ മുങ്ങിപൊങ്ങി കളിക്കുന്നകാലത്തു കടം പിരിവൊ. സാധുക്കൾ പട്ടിണിക്കിടന്നു ചത്താൽ ആർക്കാണു് നഷ്ടം. കഷ്ടം!

പണിക്കർ: ശ്രീ മേനോൻ! കാര്യങ്ങളുടെ സ്വഭാവവും സൂക്ഷ്മവും മനസ്സിലാക്കാതെ "ഇഷ്ടം ഇല്ലാത്ത നാരിക്കു തൊട്ടതൊക്ക കുററം" എന്ന രീതിയിൽ രാജ്യത്തിൻെറ അസ്ഥിവാരകല്ലുകളാണെന്നു നടിക്കുന്ന നിങ്ങളാൽ ചിലർ സംസാരിക്കുന്നതാണു് കഷ്ടം. ഒന്നാമതു കടം കൊടുപ്പാൻ ഗവമ്മേണ്ടു് ആരെയും നിർബ്ബന്ധിക്കുന്നില്ല. രണ്ടാമതു ദരിദ്രന്മാരൊടൊ കടം കൊടുപ്പാൻ ശേഷിയില്ലാത്തവരൊടൊ കടം ആവശ്യപ്പെടുന്നില്ല. മൂന്നാമതു ഇപ്പോഴത്തെ കടം വാങ്ങലിൻെറ മുഖ്യ ഉദ്ദേശ്യം രാജ്യത്തിൻെറയും രാജ്യക്കാരുടെയും രക്ഷയും ആണു്.

മേനോൻ: നിങ്ങടെ ഈ ദുർന്ന്യായങ്ങൾ ഒന്നും എനിക്കു മനസ്സിലാകുന്നില്ല. നാട്ടുകാരിൽനിന്നു ഗവമ്മേണ്ടു കടം വാങ്ങിയാൽ ജനങ്ങൾക്കും രാജ്യത്തിന്നും എങ്ങിനെയാണു ക്ഷേമവും രക്ഷയും ഉണ്ടാകുന്നതു്.

പണിക്കർ: പറയാം. മനസ്സിരുത്തി കേൾക്കൂ. "നിച്ചു് ചത്താവൂ ഞാൻ തിന്നാവൂ", എന്ന മനസ്ഥിതിക്കാരായ ജന്മികളും കച്ചവടക്കാരും യുദ്ധത്തെ കാരണമാക്കി ഭക്ഷണസാധനങ്ങൾക്കും നിത്യോപയോഗമുള്ള മററു സാധനങ്ങൾക്കും ദിവസംതോറും വില വർദ്ധിപ്പിക്കുകയും തന്നിമിത്തം ജന്മികളും കച്ചവടക്കാരും അതിലാഭം സമ്പാദിക്കുകയും അവരുടെ വശം പണം പെരുത്തതുകൊണ്ടു മദൊന്മത്തന്മാരായി മനുഷ്യജീവിതത്തിന്നു അത്യന്താപേക്ഷിതമല്ലാത്ത സുഖഭോഗങ്ങൾക്കായി പണത്തെ ദുർവ്യയം ചെയ്യുകയും ഏതു സാധനവും പറയുന്ന വിലകൊടുത്തു വാങ്ങുവാൻ ഒരുങ്ങുകയും ചെയ്യുന്നതിനാൽ എടത്തരക്കാർക്കും സാധുക്കൾക്കും പണക്കാരെപ്പോലെ ക്രമാതീതമായ വിലകൊടുത്തു സാധനങ്ങൾ വാങ്ങുവാൻ സാധിക്കാതെ വരികയും പൊതുജനങ്ങൾക്കു പട്ടിണിക്കും അരിഷ്ടിന്നും എടയാകുകയും ചെയ്യുന്നതിന്നു പുറമെ ഇന്നത്തെ ധാന്യങ്ങളുടെ വിലയെ ആസ്പദമാക്കിയും അതു ശാശ്വതമാണെന്നു കരുതിയും പണക്കാർ അധിക സംഖ്യകൊടുത്തു ഭൂമിയും എടുപ്പുകളും മററും വാങ്ങുന്നതുകൊണ്ടു നാണ്യത്തിൻെറ വിലക്കു കുറവും ഭൂമികൾക്കും എടുപ്പുകൾക്കും വില കയററവും വരുന്നതാണെന്നും ഇന്നത്തെ അധികവില കൊടുത്തു വാങ്ങുന്ന ഭൂമികൾക്കും എടുപ്പുകൾക്കും യുദ്ധാനന്തരം വിലയും ആദായവും വളരെ ചുരുങ്ങുവാനും ആദായം സക്കാർ നികുതിക്കുകൂടി മതിയാകാതെവരുവാനും ഇന്നത്തെ കുബേരന്മാർ കുചേലന്മാരാവാനും എടയാകുന്നതാണെന്നും അദ്ധ്വാനംകൂടാതെ യാദൃശ്ചികമായി ലഭിച്ച പണത്തിൻെറ വിലയറിയാതെയും ഭാവിയിലെ സ്ഥിതിഗതികളെക്കുറിച്ചു യാതൊരു ചിന്തയും കൂടാതെയും, പണത്തിളപ്പിനാൽ ധനികന്മാർ ചെയ്യുവരുന്ന ദുർവ്യയത്തെയും അമിതവ്യയത്തെയും നിയന്ത്രിക്കാത്തപക്ഷം രാജ്യത്തിലെ ധനസമൃദ്ധി ക്ഷയിക്കുകയും ക്ഷാമം വർദ്ധിക്കുകയും ചെയ്യുന്നതാണെന്നും അതിനാൽ ആവശ്യത്തിൽ കവിഞ്ഞു പ്രചാരത്തിലുള്ളതും മററുമായ ധനത്തെ ഗവമ്മേണ്ടിൽനിന്നു ന്യായമായ പലിശക്കു കടമായി വാങ്ങി സൂക്ഷിച്ചു നിശ്ചിതകാലത്തു മടക്കികൊടുക്കുകയാണു് രാജ്യരക്ഷക്കുവേണ്ടതു എന്നുള്ള ധനശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിപ്രായപ്രകാരമാണു് ഇപ്പോഴത്തെ കടംവാങ്ങൽ.

മേനോൻ: ദുർവ്യയവും സുഖാനുഭോഗങ്ങൾക്കുള്ള അമിതവ്യയവും, നാശഹേതുക്കൾ തന്നെ എന്നു സമ്മതിക്കാം. അധിക വിലക്കു ഭൂമികളൊ എടുപ്പുകളൊ വാങ്ങിയാൽ എന്താണു് ദോഷം. അധിക വില കിട്ടുന്നതു നമ്മുടെ നാട്ടുകാർക്കല്ലെ.

പണിക്കർ: നിങ്ങൾക്കു ധനശാസ്ത്രത്തിൻെറ മമ്മം അറിയാത്തതുകൊണ്ടാണു് ഈ തെററിദ്ധാരണ. ഗാഢമായി ആലോചിക്കൂ. യുദ്ധത്തിന്നുമുമ്പ് ഭൂമികളുടേയും എടുപ്പുകളുടേയും വിലയും പലിശത്തോതും എന്തായിരുന്നു.

മേനോൻ: നൂറോ നൂററഞ്ചോ പറ നെല്ലു് പാട്ടമൊ ആ തോതിൽ ആദായം കിട്ടുന്ന തോട്ടമൊ 1,000 ക. വിലക്കാണു് തീരുവാങ്ങുകയും കൊടുക്കുകയും ചെയ്തിരുന്നതു്. എടുപ്പുകൾക്കു് വാടക തോതിന്നനുസരിച്ചും ആണു്.

പണിക്കർ: ഇപ്പോഴത്തെ വില എവിടെ എത്തിയിരിക്കുന്നു.

മേനോൻ: ഇപ്പോൾ വസ്തുവിൻെറ ഗുണംപോലെ 40, 35, 30, പറ നെല്ലു് പലിശത്തോതിൽ എത്തീട്ടുണ്ടു്. തോട്ടങ്ങളുടെ വിലയും വാടകയും ആ തോതിൽ വർദ്ധിച്ചിട്ടുണ്ടു്.

പണിക്കർ: പൊടുന്നനെ ഈ വില വർദ്ധനക്കു കാരണം എന്താണു?

മേനോൻ: നെല്ലു് വിലയുടെയും മററും വർദ്ധനയും ദ്രവ്യസമൃദ്ധിയുംതന്നെ.

പണിക്കർ: ഇന്നലത്തെ നെല്ലിൻേറയും നാളികേരം മുതലായ സാധനങ്ങളുടേയും വർദ്ധിച്ചവില ശാശ്വതമാണൊ. മുമ്പു യുദ്ധത്തിന്നുമുമ്പു 100 പറ നെല്ലിൻെറ വില 50, 55, 60 എന്നിങ്ങനെയല്ലെ ആയിരുന്നതു്. നാളികേരത്തിന്നു 17½, 20, 25ക. വീതമല്ലെ ഉണ്ടായിരുന്നുള്ളു. വാടകകൾ എത്ര ചുരുക്കമാണു്. മേലിൽ ആ നില വന്നാൽ ഭൂമി ഉടമസ്ഥന്മാരുടെ നില എന്തായിരിക്കും. ആദായനികുതി കഷ്ടിയാവില്ലെ. വല്ല അടിയന്തരാവശ്യത്തിന്നും പണം വേണ്ടിവന്നാൽ ഭൂമി പണയം കൊടുത്താലൊ തീരു് കൊടുത്താലൊ എന്തു് കിട്ടും. അങ്ങിനെയുള്ള ഘട്ടത്തിൽ പണം സൂക്ഷിച്ചുവെക്കുന്നവർക്കു് ലഘുവിലക്കു് ഭൂമി കിട്ടുവാനും കൊടുക്കുവാനും സംഗതിവരില്ലെ. അധികവില കിട്ടുമെന്നു വിചാരിച്ചു ഭൂമി വില്ക്കുന്നവർ ആ പണത്തെ എന്തു ചെയ്യും. വേറെ ഭൂമി വാങ്ങുന്നപക്ഷം അവരും ഇപ്പോഴത്തെ നിരക്കിൽ വില കൊടുക്കേണ്ടെ. അപ്പോൾ കൈമാററം കൊണ്ടു് എന്താണു് ഗുണം. സമ്പാദിക്കാൻ മോഹമുള്ളവർ ഭൂസ്വത്തിനെ വിററു് പണമാക്കാൻ ശ്രമിക്കുമൊ. പണം കയ്യിലിരിക്കുമ്പോൾ ദുർവ്യയത്തിന്നു വാസന ഉണ്ടാകുന്നതു് മനുഷ്യ സാധാരണമല്ലെ. ഈ നിലക്കു് അധികവില നാട്ടുകാർക്കല്ലെ കിട്ടുന്നതു് എന്നുള്ള സമാധാനത്തിന്നും വഴിയുണ്ടൊ.

മേനോൻ: നിങ്ങൾ പറഞ്ഞിട്ടുള്ള സംഗതികളിൽ തത്വമുണ്ടെന്നു ഇപ്പോൾ ബോദ്ധ്യമായി. ആകട്ടെ, ഗവമ്മേണ്ടിൻെറ നിശ്ചയങ്ങൾ എന്തെല്ലാമാണു്. പലിശ എന്താണു്. എപ്പോൾ മടക്കികൊടുക്കും. ഉറപ്പെന്താണു്.

പണിക്കർ: ഗവമ്മേണ്ടിൽനിന്നു് വാങ്ങുന്ന കടങ്ങൾക്കു് ഇന്ത്യാരാജ്യത്തിൽ ഗവമ്മേണ്ടിന്നുള്ള സകല അവകാശഅധികാരങ്ങളും ഉറപ്പാണു്. കടസംഖ്യ 12 കൊല്ലത്തിലകം മടക്കികൊടുക്കും. പലിശ കൊല്ലത്തിൽ 100ന്നു് 3 കണ്ടാണു്. ആ പലിശ ആറാറു മാസം കൂടുമ്പോൾ കൊടുക്കും. പലിശയിൽ ആദായനികുതിയില്ല. വല്ല സംഗതിവശാലും കടം കൊടുത്ത ആൾക്കു് അടിയന്തരാവശ്യം നേരിട്ടാൽ കാലനിർണ്ണയം പറയാതെ ആവശ്യമുള്ള പണം മടക്കിക്കൊടുക്കും. പക്ഷെ, അങ്ങിനെ മടക്കിവാങ്ങുന്നതു് മൂന്നു കൊല്ലത്തിന്നുള്ളിലാണെങ്കിൽ പലിശ കിട്ടുന്നതല്ല. ഇതിലധികം ഉറപ്പും പലിശയും സൌകര്യവും രക്ഷയും ഉള്ള എടവാടു ഏതാണു് വേറെയുള്ളതെന്നു പറയിൻ.

മേനോൻ: നിങ്ങൾ പറഞ്ഞ രീതിയിലാണു് ഈ ഏപ്പാടു എങ്കിൽ അതു് പ്രഭുക്കൾക്കും എടത്തരക്കാർക്കും പണക്കാരായ എല്ലാവക്കും ഗുണകരമാണു്. ആകട്ടെ സഭയിൽ ഹാജരായവർ വല്ല സംഖ്യയും കൊടുത്തുവൊ.

പണിക്കർ: എന്താ സംശയം. നിമ്മത്സരന്മാരും ഗുണദോഷജ്ഞാനമുള്ളവരും നാട്ടിൽനിന്നു് മറഞ്ഞിട്ടില്ല. സഭയിൽവെച്ചുതന്നെ രണ്ടു ലക്ഷത്തിൽ അധികം ഉറുപ്പിക വാഗ്ദത്തംചെയ്തു. വളരെ

ആളുകൾ അതിന്നുമുമ്പുതന്നെ വാഗ്ദത്തം ചെയ്കയും പണം അടക്കുകയും ചെയ്തിട്ടുണ്ട്. ഇയ്യിടെ ഡൽഹിയിലെ ഭാരത ബാങ്കിൻെറ ഉടമസ്ഥനായ മിസ്റ്റർ സെത്ത് രാമകൃഷ്ണഡാൽമിയാ എന്നൊരു മഹാൻ നാലു കോടി ഉറുപ്പിക കൊടുത്ത വിവരം നിങ്ങൾ വത്തമാനക്കടലാസിൽനിന്ന് ഗ്രഹിച്ചിട്ടില്ലേ. അവരൊക്കെ കാര്യവിവരമില്ലാത്തവരാണോ.

മേനോൻ : കടലാസ്സിൽ ആ വത്തമാനം വായിക്ക ഉണ്ടായി. അദ്ദേഹം അങ്ങിനെചെയ്തത് ഗവണ്ണരുടെ സേവക്കൊ വലിയ ഉദ്യോഗസ്ഥന്മാരുടെ നിർബ്ബന്ധത്തിന്മേലൊ ആയിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്.

പണിക്കർ : വിഡ്ഢിത്തം പറയണ്ട. അദ്ദേഹം ന്യായമല്ലാതെ ആരെയും ഭയപ്പെടേണ്ട ആളല്ല. സേവക്കു നില്ക്കുന്ന ആളും അല്ല. അദ്ദേഹത്തിൻെറയും രാജ്യത്തിൻെറയും രക്ഷയേയും ഗുണദോഷങ്ങളേയും ആലോചിച്ച് ചെയ്തതാണ്. ഇങ്ങിനെയുള്ള സംഖ്യകൾ കൊടുത്തവർ എത്രയൊ ഉണ്ട്.

മേനോൻ : ശകാരിക്കണ്ട. ഒരു സംശയം ഉള്ളതുകൂടി തീക്കാൻ വേണ്ടി ചോദിക്കുന്നതാണ്. ഗവമ്മേണ്ട് ഇന്ത്യവിട്ട്പോകേണ്ടിവന്നാൽ ഈ കടങ്ങളുടെ ഗതി എന്താണ്.

പണിക്കർ : നിങ്ങളാൽ ചിലരുടെ അടിസ്ഥാനരഹിതമായ സംശയം നിസ്സഹകരണവും നിയമലംഘനപ്രസ്ഥാനവും സത്യാഗ്രഹം എന്നപേരിൽ ഘോഷിക്കുന്ന ഭ്രന്തുകളും ഭ്രമോഹവും ആണ് ഭാരതത്തെ ഇത്ര കുഴപ്പത്തിലാക്കിയത്. ജാപ്പാൻ ഇന്ത്യയെ ആക്രമിപ്പാനുള്ള ധൈര്യം ഉണ്ടായതുതന്നെ നിങ്ങളാൽചിലരുടെ മുൻപറഞ്ഞ പ്രവൃത്തികൾ നിമിത്തമാണ്. അഞ്ചാം കോളക്കാരുടെ പിരട്ടു കേട്ടു നിങ്ങടെ തല തിരിഞ്ഞിരിക്കയാണ്. ജമ്മൻകാരെക്കാൾ ക്രൂരന്മാരും നീചന്മാരും നിർദ്ദയന്മാരും ആണ് ജാപ്പാൻകാർ. ജമ്മനല്ല ജാപ്പാനല്ല മറെറാരു മഹാശക്തിക്കും ബ്രിട്ടീഷ് ഗവമ്മേണ്ടിനെ കീഴടക്കുവാനൊ ഇന്ത്യാരാജ്യത്തിൽനിന്ന പുറത്താക്കുവാനൊ സാധിക്കുമെന്നും ഇന്ത്യക്കാരുടെ നിസ്സഹകരണംകൊണ്ടും നിയമലംഘനംകൊണ്ടും സ്വയംഭരണാവകാശം സമ്പാദിപ്പാൻ കഴിയുമെന്നും സ്വപ്നേപി വിചാരിക്കേണ്ട. "വെപ്പാൽ കുടുമ ചെരച്ചാൽ മൊട്ട" എന്നുള്ള നിലക്കാരുടെ വാഗ്ധാരണി കേട്ടു ഭ്രമിച്ച് നാട്ടിനെ കുട്ടിച്ചോറാക്കേണ്ട. ഗവമ്മേണ്ടിൻെറ ശക്തിക്കിളക്കം തട്ടിയാൽ ഇപ്പോൾ ഒതുങ്ങിയിരിക്കുന്ന പോക്കിരികൾ തല പൊങ്ങിക്കുകയും നിങ്ങടെ തല പോകുകയും ചെയ്യും. ചെലക്കലാപം എന്ന പുസ്തകം ഒന്നു വായിച്ചുനോക്കു. ഗവമ്മേണ്ടിനോടു ഇണങ്ങിനിന്ന് യുദ്ധത്തിൽ ജയംനേടുവാനും ഇന്ത്യാരാജ്യത്തിൻെറ ഭാവി ഭാസുരമാക്കുവാനുള്ള ഭരണപദ്ധതിയെ രൂപീകരിപ്പാനും ശ്രമിക്കുക. വിവേകവും ബുദ്ധിയും ഉള്ളവർ അങ്ങിനെയാണ് ചെയ്യേണ്ടത്.

മേനോൻ : സ്വയംഭരണലബ്ധിക്ക് നിങ്ങൾ പറഞ്ഞ മാർഗ്ഗമാണ് ശരിയായത് എന്ന് എനിക്കു ബോദ്ധ്യമായി. കുറെ സംഖ്യ കടം കൊടുത്താൽ കൊള്ളാമെന്നും തോന്നുന്നുണ്ട്. സംഘനിബന്ധനകൾക്കു വിരോധമാവില്ലെ എന്നാണ് ശങ്ക.

പണിക്കർ : വെറുതെ കുഴപ്പെടേണ്ട ശ്രീ മേനോൻ. ഗവമ്മേണ്ടിൻെറ കീഴിലുള്ള ഉദ്യോഗങ്ങളിൽ മാത്രമല്ല പട്ടാള വകുപ്പിൽ കൂടി നിങ്ങടേയും നിങ്ങളുടെ സംഘത്തിൽ പെട്ടവരുടേയും മക്കളും മരുമക്കളും പെൺമക്കളുടെ ഭർത്താക്കന്മാരും സ്വന്ധബന്ധുക്കളും മററുമായി ഇപ്പോൾ എത്രപേർ ജോലി എടുക്കുന്നുണ്ട്. അവരുടെ മണിഓഡറല്ലെ മിക്ക ജനങ്ങളുടേയും അടുപ്പിൽ തീക്കൂട്ടുവാനും നിങ്ങളാൽചിലരുടെ സഞ്ചിനിറഞ്ഞു തുളുമ്പുവാനും എടയാക്കുന്നത്. ഇതൊക്കെ മറച്ചുവെച്ചല്ലെ നിങ്ങൾ നിസ്സഹകരണത്തെക്കുറിച്ചു ബലമായി പ്രസംഗിക്കുന്നത്. "തനിക്കു താനും പുരക്കു തൂണും" ആണ് ബലം എന്നു കാരണവന്മാർ പറഞ്ഞിട്ടുള്ളതിൻെറ താല്പര്യം മനസ്സിലാക്കി നടക്കുവാൻ ബുദ്ധിയും മനസ്സും ഉണ്ടെങ്കിൽ അങ്ങിനെ ചെയ്യേണ്ട. ഞാൻകാര്യസ്വഭാവം പറഞ്ഞു എന്നെ ഉള്ളൂ. എനിക്കു പോകാൻ വൈകി. പിന്നെ കാണാം.

മേനോൻ : ഭഗവൽഗീതയിൽ അർജ്ജുനൻ ഭഗവാനോടു പറഞ്ഞതുപോലെ

"നഷ്ടോ മോഹ : സ്മൃതി ല്ലബ്ധാ
ത്വല്പ്ര സാദാന്മയാച്യുത
സ്ഥിതൊസ്മിഗതസന്ദേഹ :
കരിഷ്യേ വചനം തവ."

എന്നു ഞാനും നിങ്ങളോടു പറയുന്നു. ദയചെയ്തു അല്പംകൂടി താമസിക്കുക. ഒരു പതിനായിരം ഉറുപ്പിക എൻെറ വക്കലുള്ളതിന്ന് ഭൂമി വാങ്ങാൻ ആലോചിച്ചിരിക്കയായിരുന്നു. നിങ്ങൾ പറഞ്ഞ സംഗതികളെ കേട്ടതിൽ ഇപ്പോൾ ഭൂമി വാങ്ങുന്നതുകൊണ്ട് മേലാലുണ്ടാകാവുന്ന നഷ്ടകഷ്ടങ്ങളും വൈഷമ്യങ്ങളും മനസ്സിലായി. ആ 10,000 ഗവമ്മേണ്ടിൽതന്നെ കൊടുപ്പാൻ തീച്ചപ്പെടുത്തി. എവിടെയാണ് അടക്കേണ്ടത് എന്നുകൂടി പറഞ്ഞുതന്നാൽ നന്ന്.

പണിക്കർ : എൻെറ വാക്കു നിങ്ങൾക്കു സ്വീകാര്യയോഗ്യമായി തീന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. കടസംഖ്യ വാങ്ങുവാനും രശീതികൊടുപ്പാനും പലേ ഗവമ്മേണ്ടുദ്യോഗസ്ഥന്മാരേയും അധികാരപ്പെടുത്തിട്ടുണ്ട്. താസിൽദാരെ കാണുകയാണ് ഉത്തമം. പിരിവ് നിൎത്തിയിരിക്കുന്നു എങ്കിൽ പോസ്റ്റാപ്പീസ് സേവിങ്ങ് സട്ടിഫിക്കററിലും കൊടുക്കാം. അതിന്ന് കാലനിർണ്ണയമില്ല. അതിലെ നിശ്ചയങ്ങളും ഏകദേശം ഇതൊക്കെ തന്നെയാണ്. 5,000ക. മാത്രമെ ഒരാൾക്ക് അടക്കാൻ പാടുള്ളൂ എന്നു നിർബ്ബന്ധമുണ്ട്. എപ്പോഴും അടക്കാം.

മേനോൻ : ഇന്നുതന്നെ താസിൽദാരെകണ്ട് പണം കൊടുത്തു രശീതി വാങ്ങാം. സാധിച്ചില്ലെങ്കിൽ 5,000ക. വീതം എൻെറയും ഭായ്യയുടേയും പേരിൽ വെവ്വേറെ പോസ്റ്റാഫീസിൽ കൊടുക്കാം. ഏതായാലും രണ്ടിലൊന്നു ഉറച്ചുകഴിഞ്ഞു. പോരെ. നമസ്കാരം.

പണിക്കർ : ഇഷ്ടംപോലെ ചെയ്യിൻ. ഞാൻ വേണ്ടതുപറഞ്ഞു എന്നെയുള്ളൂ. പിന്നെക്കാണാം. വന്ദനം.

## മദിരാശി ഗവണ്ണരവർകൾക്ക് ഒരു കമ്പി

### സേർ സ്റ്റാഫോർഡ് ക്രിപ്പ്സ് അയച്ചത്

ലണ്ടൻ : 1943 ഡിസെമ്പർ 31-ാംനു-

ഏഴായിരത്തിഅഞ്ഞൂറു പവനും കൂടി അയച്ചുതരുവാൻ തോന്നിയ മദിരാശി ജനങ്ങളുടെ ഉദാരബുദ്ധിയെ ഞാൻ അഭിനന്ദിക്കുന്നു. വിജയം കൈവരുത്തുവാൻ വേണ്ടി കാട്ടുന്ന പരാക്രമങ്ങളിൽ ഗുരുതരമായ ഒരു പങ്കെടുക്കുന്ന വിമാനസൈന്യത്തെ സൃഷ്ടിക്കുവാൻ മദിരാശിക്കാരുടെ സഹായം ചില്ലറയല്ല ഉണ്ടായിരിക്കുന്നത്.

(6-ാം പേജിൽനിന്നു തുടച്ച)

ത്തിൽചേന്ന് യുദ്ധത്തിന്നു പോകാൻ നിവൃത്തിയില്ലാതെ കേരളത്തിൽതന്നെ കഴിച്ചുകൂട്ടുന്നുണ്ടെങ്കിൽ അവക്ക് ശത്രുബാധയിൽനിന്ന് രാജ്യത്തെ രക്ഷിക്കേണ്ട സുവർണ്ണാവസരം വരികയും ചെയ്യിരിക്കുന്നു. ഓരോ അംശത്തിലും രാജ്യരക്ഷക്കുവേണ്ട സംഘങ്ങളെ നമ്മുടെ സംസ്ഥാനത്തിൽ പലേടങ്ങളിലും ന്യായമായ പരിശീലനംകൊടുത്ത് ഏപ്പാടു ചെയ്യുന്നുണ്ട്. ഈ ഏപ്പാട് പലേ ജില്ലകളിലും ആയിക്കഴിഞ്ഞു. മലബാറിൽ ഇനിയും ആയിട്ടില്ല. യഥാർത്ഥത്തിൽ കേരളത്തിലെ പഴയ പയററ് കഴിച്ച ഒരു യുവജനസംഘത്തെ ഏപ്പാട് ചെയ്യുന്നതാണെങ്കിൽ ഏത് ജമ്മനും ജാപ്പാനും ആ പ്രദേശത്തെ സ്മരിക്കുവാൻകൂടി സാധിക്കുന്നതല്ല. ദേശീയസമരനിരയുടെ കീഴിൽ നടപ്പുള്ള വില്ലേജ് സെക്യൂരിററി സ്കീം ഒട്ടും താമസിയാതെ മലബാറിലും നടപ്പായി കാണാനും, പഴയ രീതിയിലുള്ള പയററ് കഴിഞ്ഞ ഒരു നവയുവ ചൈതന്യം രാജ്യമൊട്ടാകെ കാണുന്നും സഞ്ചികക്ക് വളരെ ആഗ്രഹമുണ്ട്.



പൂരങ്ങളാകട്ടെ, ഉത്സവങ്ങളാകട്ടെ, ബഹുജനങ്ങൾ വന്നു ചേരുന്ന മറേറതു് സദസ്സുകളാകട്ടെ; മലബാറിലെ ദേശീയ സമരനിര ഈ സന്ദർഭങ്ങൾ പാഴാക്കികളയാറില്ല. നേരുള്ള മാർഗ്ഗം അവർ ഏവർക്കും കാട്ടുന്നുണ്ടു്. ആബാലവൃദ്ധം ഈ സദസ്സുകളിൽ പങ്കുകൊള്ളുന്നതുമുണ്ടു്.

(7-ാം പേജിൽനിന്നു തുടച്ച്)

ഇപ്പോൾ നമ്മുടെ ഐക്യസൈന്യം വടക്കൻ ആഫ്രിക്കയിൽ വിജയ കാഹളം മുഴക്കുന്നു. അവിടെ ജർമ്മനിററലി സന്നാഹത്തെ തകർത്തു മദ്ധ്യതരണ്യാഴി മുഴവനും സ്വന്തം കൈവശം വെച്ചിരിക്കുന്നു. എട്ടാംപട ജയഭേരീരവമടിച്ചു മുന്നോട്ടുകയറി "സിസിലിയും" പിടിച്ചടക്കിയിരിക്കുന്നു. ഇങ്ങിനെ ആദികാലങ്ങളിൽ "അജയ്യനെന്നും' അവതാരമെന്നും" മററും അറിയപ്പെട്ടിരിക്കുന്ന ഹിററ്ലരും കൂട്ടുകാരും ഇപ്പോൾ തോററു മുടിഞ്ഞുകഴിഞ്ഞു നിർമ്മൂലനാശം വന്നു കണ്ണുനീർ ഒഴുക്കുകയാകുന്നു. ദുര്യ്യോധനസദൃശനായ ഹിററ്ലർ കണ്ടകൻ ഇപ്പോൾ തന്റെ മനോഹര ഹർമ്മ്യങ്ങളിന്മേൽ അഗ്നിജ്വാലകൾ പ്രൊജ്ജ്വലിക്കുന്നതു് കണ്ടു ആശ്ചര്യപ്പെടുകയും നെടുവീർപ്പിടുകയും പല്ലു കടിക്കുകയും പുറത്തു കൈയ്യുംകെട്ടി ഉലാത്തി ബ്ലീച്ചടിക്കയും ചെയ്കയാണു്.

താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേവരൂ !

ആദ്യവും അവസാനവും ബ്രിട്ടീഷുകാർ ദൈവത്തെ ഭയപ്പെട്ടുകൊണ്ടു് "ജനകീയ ഭരണഗാനം" പാടുകയാണു് അവരെ ദൈവം എല്ലാപ്രകാരത്തിലും സംരക്ഷിച്ചുപോരുന്നു. ഡൻകർക്കിൽവെച്ചു് ബ്രിട്ടീഷുകാർ കാണിച്ച നയം അത്യാശ്ചര്യകരമല്ലെ? ബ്രിട്ടന്റെമേൽ അതിനിഷ്ഠുരണമായി ബോംബുവർഷം ചെയ്തു ആ ജനതയെ ജയിച്ചുകളയാമെന്നു് ആകാശക്കോട്ടകെട്ടി ഞെളിഞ്ഞ ജർമ്മന്റെ മസ്തിഷ്കത്തിൽ റഷ്യയെ എതൃക്കുവാനുള്ള തോന്നലുണ്ടായതും അവരോടു തല്ലാരംഭിച്ചതും ബ്രിട്ടന്നു ദൈവാധീനമുണ്ടാവുകയാലല്ലെ ?

വമ്പനായ "റോമൽ" ഇപ്പോൾ എവിടെയാണൊളിച്ചിരിക്കുന്നതു്? "പൊണ്ണത്തടിയനായ" മുസ്സോളിനി വീണു മണ്ണു കപ്പുകയല്ലെ ?

യുദ്ധരംഗങ്ങളിലെല്ലാം ബ്രിട്ടനും കൂട്ടുകാർക്കും വമ്പിച്ച വിജയങ്ങളാണുള്ളതു്. ബ്രിട്ടനും അമേരിക്കയും റഷ്യയും ചർച്ചിൽ, റൂസ്‌വെൽട്ടു്, സ്റ്റാലിൻ തുടങ്ങിയ നേതാക്കന്മാരുടെ നിർദ്ദേശമനുസരിച്ചു് തീരുമാനിച്ചിട്ടുള്ളതു് ചൈനക്കു വേണ്ടത്ര സഹായങ്ങൾ നൽകുവാനും വമ്പിച്ച ജർമ്മൻ കോട്ടകൾ നശിപ്പിക്കുവാനും ജാപ്പുരാജ്യങ്ങളെ പിടിച്ചടക്കുവാനുമാകുന്നുവെല്ലോ? ജാപ്പാനെ തരിപ്പണമാക്കുവാൻ അമേരിക്കക്കാർ തീർച്ചയാക്കിക്കഴിഞ്ഞു. ഐക്യകക്ഷികൾ ബാൾക്കനിൽക്കൂടി കടന്നു റഷ്യയോടു ചേർന്നു ജാപ്പാനെ എതൃക്കും. ഇതാണു് ഈയ്യിടെ കഴിഞ്ഞ നേതാക്കന്മാരുടെ സമ്മേളന ഫലം. തീർച്ചയായും നമ്മുടെ ശത്രുക്കൾ പരാജിതരാവുകതന്നെ ചെയ്യും. നാം ഇനിയും വേണ്ടത്ര സഹായ്യങ്ങൾ ഐക്യകക്ഷികൾക്കു് ചെയ്തുകൊടുക്കണം. ഇനി നാം ചെയ്യേണ്ടതു് പറയാം. നമ്മുടെ കേരളകേദാരങ്ങളിലെല്ലാം ശാസ്ത്രീയമായ ഗവേഷണങ്ങളിൽ ഗവൺമെണ്ടു കൃഷി ശാസ്ത്രവിദഗ്ദ്ധന്മാരുടെ നിർദ്ദേശപ്രകാരമുള്ള വളങ്ങൾചേർത്തു കൃഷിപ്പണി ആരംഭിക്കണം. നമുക്കു വേണ്ടത്ര ഭക്ഷണസാധനങ്ങളെ നമ്മുടെ പറമ്പുകളിൽ കൊത്തിയും കിളച്ചും നട്ടുനനച്ചുണ്ടാക്കിക്കൊള്ളണം. നമ്മുടെ യുദ്ധം നമുക്കു വേണ്ടിനടത്തുന്ന "ബ്രിട്ടന്റെ സേനാനികളെ" ആവുന്നത്ര സഹായിക്കണം. വിമാനയുദ്ധപരിശീലനത്തിന്നു് നമ്മുടെ സന്താനങ്ങളെ ആയിരക്കണക്കായി അയക്കണം. ഏഷണിക്കാരെയെല്ലാം നാട്ടിൽനിന്നോടിക്കണം. അവരവർക്കു ചെയ്യാനുള്ള ധാർമ്മികകാര്യങ്ങളിൽ ഉറച്ചു നില്ക്കണം. ഓട്ടം പിടിക്കരുതു്. അഞ്ചാംപത്തിക്കാരുടെ കൂട്ടത്തിൽ ചേരരുതു്. ആവുന്നത്ര പണം "കടപ്പത്രങ്ങളിൽ" വിനിയോഗിക്കണം. യുദ്ധത്തിൽ പട്ടാളക്കാരായി ചേരുന്നതു് വർദ്ധിപ്പിക്കണം.

ഹതോവാപ്രാപ്സ്യസി സ്വർഗ്ഗം
ജിത്വാവാ ഭോക്ഷ്യസേ മഹീം
തസ്മാദുത്തിഷ്ഠ കൌന്തേയ
യുദ്ധായ കൃതനിശ്ചയഃ

എന്നു് ശ്രീ ഗീത പാടുന്നതു കേൾക്കുക. യുദ്ധത്തിൽ പോയാലും ഇല്ലെങ്കിലും മരണം ആരേയും വിടുന്നതല്ല എന്നുള്ളതിന്നു് ഈ നാട്ടിലും ബങ്കാളിലും മററും ഉണ്ടായ അനേകലക്ഷം മരണങ്ങൾ സാക്ഷ്യം വഹിക്കുന്നു.

സത്യവും ധർമ്മവും ഭൂതലത്തിൽ വിജയംകൊള്ളും. അസത്യവും അധർമ്മവും നശിക്കും. ഹിററലരും കൂട്ടുകാരും നിലം പതിക്കും. ജാപ്പാന്റെ അഹമ്മതി ശമിക്കും. ഐക്യകക്ഷികളുടെ "സ്വാതന്ത്ര്യ പതാക" കാററിൽ പാറും. എല്ലാവർക്കും സുഖവും സന്തോഷവും പണ്ടെത്തെക്കാൾ നൂറുമടങ്ങു വർദ്ധിക്കും. ഒരു നവയുഗം അവതരിക്കും. ശാന്തിയും സന്തോഷവും നടമാടും. ഇതിന്നെല്ലാം എല്ലാ മതസ്ഥരും ഒത്തുചേർന്നു ദൈവത്തിന്റെ മഹിമയെ വാഴ്ത്തണം. എല്ലാ മതങ്ങളും ഈശ്വരനെ അടയുവാനുള്ള വിവിധമാർഗ്ഗങ്ങളാകുന്നു. അച്ഛന്റെ തോട്ടത്തിൽ "വൈവിദ്ധ്യം കളിയാടുന്നു." പലതരം പുഷ്പങ്ങൾ അവിടെ സമൃദ്ധിയായി വളരട്ടെ ! എല്ലാം സ്വാതന്ത്ര്യമായും എന്നാൽ എല്ലാംകൂടി ഒന്നായും പ്രേമസാഗരത്തിന്റെ മഹിമയെ വാഴ്ത്തട്ടെ !

ഓം

# 5,000 ക. ഇനാം

## ശത്രു ഏജൻറന്മാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീടു ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊജ്ജിതമായി ഏപ്പെട്ടിരിക്കുന്നുവെന്നു രാജ്യസംരക്ഷണാധികാരസ്ഥന്മാക്കു ബോദ്ധ്യമാംവണ്ണം തെളിയുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവർമ്മേണ്ടു് ഇനാം കൊടുക്കുന്നതാണു്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണു്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെട്ടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു് സംബന്ധിച്ചു്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോട്ടു് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്കു് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്നു് പാരഷൂട്ടു് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാർഗ്ഗമായൊ സമീപസ്ഥലത്തു് നടക്കുന്നുണ്ടെന്നു് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സു് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സു് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സു് സ്റ്റേഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സു് സ്റ്റേഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സു് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സു് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോട്ടു് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂണ്ണവിവരങ്ങൾ കാണിച്ചു്, തേച്ചു ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ടു് മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടൎക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണു്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാർജ്ജുള്ള മജിസ്ത്രേട്ടു്, വിചാരണ നടന്ന കോടതിയുടെ ശിപാർശികളനുസരിച്ചു്, സാധാരണമായി ഇനാം കൊടുക്കുന്നതാണു്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ചു് കണക്കാക്കുന്നതുമാണു്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവർമ്മേണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂർവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാൎക്കൊ ഗസററഡു് ഗവർമ്മേണ്ടു് ഉദ്യോഗസ്ഥന്മാൎക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാട്ടുമെണ്ടുകളിലുള്ള നോൺ-ഗസററഡു് ഗവർമ്മേണ്ടു് ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അൎഹരാണു്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.